According to Kunjaman, dalits in Kerala have perpetually been trapped in squalor and economic deprivation because they lack entitlements like land, institutional credits, social mobility and access to aided institutions. Institutional exclusion and entitlement deprivation are the true reasons behind dalit backwardness in Kerala. Kunjaman adds one striking point here to justify why institutional exclusion of dalits happens in Kerala. He argues that the dalits have no individual identity but a collective identity of caste, religion, and politics so they are easily manipulated by dominant groups as mere vote banks.

Another striking observation the author has made in his memoir is the dominance of OBC castes in political and cultural spaces in Kerala and elsewhere in India. According to Kunjaman, nowadays, not Brahmins but backward community Hindus are practicing caste discrimination against the dalits. At this point, the author clearly understands the dynamics of Sanskritization among Hindu backward communities and how they have been trying to move upward along the caste ladder, shedding their historical caste backwardness upon the shoulders of the dalits. Since that OBCs have adopted Sanskritization throughout India, it appears that Kunjaman does not believe it to be a useful strategy for enhancing dalits' social mobility. Kunjaman contends that institutional exclusion and caste exclusion aggravate dalit hardships in Kerala by denying them capability building, as Amartya Sen suggests, necessary for choosing a life they have reason to value.

## Conclusion

Kunjaman concludes that dalits in Kerala are lacking entitlements in such as land and social capital. Landlessness excludes Dalits from institutional credit sources. They are institutionally excluded from jobs in aided institutions. They are totally estranged from the policy and decision-making processes of political parties and governmental agencies. Even today, most of the dalits live in caste settlement colonies. The locational identity of their residence itself is a criterion for discriminating against the dalits. Outside Kerala, caste discrimination is open, direct, and visible to everyone. There is no veil of pseudo-progressiveness there. In Kerala, casteism and discrimination are so subtle, invisible, and embedded in institutional structures. Kunjaman himself was a victim of such institutional casteism. Institutional casteism and landlessness prevent capability formation among dalits. Lack of capabilities results in the perpetuation of economic deprivation and social backwardness among dalit communities in Kerala. Becoming an independent individual and a capitalist entrepreneur, free from the pettiness of caste, religion,

and political affiliations, and following the liberation philosophy of Ambedkar within the framework of the Indian constitution, is Kunjaman's solution to the dalits' underdevelopment. He identifies that landlessness, lack of capital, and non-accessibility to institutional credits are the real causes of dalit backwardness. When he advises dalits to be capitalist entrepreneurs without suggesting any practical measures to overcome those adverse conditions that prevent their socio-economic upward mobility, it is just a utopian dream.

## Selected Bibliography


1. Bentham, Jeremy. An Introduction to The Principles of Morals and Legislation. Kitchener: Batoche Books, 2000.
2. Gandhi, M. K. ''The Ideal Bhangi. '' Harijan, 336, November 28, 1936.
3. Jeffry, Robin. The Decline of Nayar Dominance: Society and Politics in Travancore, 1874-1908. Kottayam: DC Books, 2014
4. Kunjaman, M. Ethiru. Kottayam: DC Books, 2020.
5. Omvedt, Gail. Ambedkar-Towards and Enlightened India. Gurgaon, Haryana: Penguin Books, 2008
6. Prabhu, Seeta K, and Iyer, Sandhya S. Human Development in an Unequal World. New Delhi: Oxford University Press, 2019.
7. Rawls, John. A Theory of Justice. Cambridge, Massachusetts: Harvard University Press, 1999.
8. Rodrigues, Valerian. The Essential Writings of B. R. Ambedkar. New Delhi: Oxford University Press, 2020.
9. Sen, Amartya, Rationality and Freedom. New Delhi: Oxford University Press, 2002.
10. Sen, Amartya, and Dreze, Jean. The Political Economy of Hunger. New Delhi: Oxford University Press, 2020.
11. Sen, Amartya. ''Social Choice Theory- A Re-Examination. '' Econometrica, 45[1]:53-89



ISSN: 2582 - 2594

# ഭാഷാപരമായ സവിശേഷതയും സാധ്യതയും കൂടിയാട്ടകഥാപാത്രങ്ങളിൽ

**ശ്രീകല പി. കെ.**
ഗവേഷക
യൂണിവേഴ്സിറ്റി ലൈബ്രറി
കേരള യൂണിവേഴ്സിറ്റി
തിരുവനന്തപുരം
Email: sreekblm@gmail.com

**സംഗ്രഹം**

സംസ്കൃതനാടകത്തിന്റെ കേരളീയാവതരണമായ കൂടിയാട്ടം വാചികാഭിനയത്തിന് വളരെയധികം പ്രാധാന്യമുള്ള രംഗകലയാണ്. അരങ്ങിൽ കഥാപാത്രങ്ങളുടെ മാനസിക വ്യാപാരങ്ങളെ ദൃശ്യവത്ക്കരിക്കുന്നത് ഭാഷയുടെ സവിശേഷമായ ചില പ്രയോഗങ്ങളും രീതിഭേദങ്ങളും കൊണ്ടാണ്. ആശയസംവേദനമാണ് രംഗകലയുടെ പ്രധാന ലക്ഷ്യമെന്നിരിക്കെ കൂടിയാട്ടം അരങ്ങിലെ ഭാഷാപരമായ ചില സവിശേഷ പ്രയോഗങ്ങൾ അർത്ഥഗ്രഹണത്തിന്റെ സാധ്യതയെയും അഭിനയത്തിന്റെ ഭാവതലത്തെയും എത്തരത്തിൽ സ്വാധീനിക്കുന്നു എന്ന അന്വേഷണമാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ :** കൂടിയാട്ടം - കഥാപാത്രങ്ങൾ - ഭാഷാപ്രയോഗങ്ങൾ - രംഗസാധ്യതകൾ.

**ആമുഖം**

ചലനാത്മകസ്വരൂപമുള്ള ഭാഷ മനുഷ്യന്റെ സൃഷ്ടിയും സ്രഷ്ടാവുമാണ്. അത് ജീവിതത്തെ സർഗ്ഗാത്മകവും ക്രിയാഭരിതവുമാക്കുന്നു. പുതിയ ലോകത്തെ സൃഷ്ടിക്കുന്നു. ഭാവനയുടെയും ഭാവുകത്വത്തിന്റെയും വിനിമയത്തിൽ ഭാഷ അതിന്റെ വൈവിധ്യത്തെ അടയാളപ്പെടുത്തുന്നു. ആത്മാവിഷ്കാരത്തിന്റെ ശബ്ദാനുകരണമായ ഭാഷ ആശയവിനിമയോപാധിയെന്നതോടൊപ്പം സംസ്കാരത്തെ വ്യഞ്ജിപ്പിക്കാനുള്ള മാധ്യമം കൂടിയാണ് ഒരു ജനതയുടെ സംസ്കാരം, വ്യവഹാരം, അധിവസിക്കുന്ന ഭൂപ്രദേശത്തിന്റെ പ്രത്യേകതകൾ, കാലാവസ്ഥ, തൊഴിൽ തുടങ്ങി ഓരോ ഘടകങ്ങളും അവിടെ ഉദയംകൊള്ളുന്ന ഭാഷയെ സ്വാധീനിക്കുന്നു. മൂല്യങ്ങളും

സങ്കല്പങ്ങളും മിത്തുകളും പുരാണങ്ങളുമൊക്കെ ചേർന്ന കഴിഞ്ഞകാലങ്ങളുടെ ഭാഷാഘടനയിലൂടെയാണ് താനെന്ന സ്വത്വനിർണ്ണയം തന്നെ സാധ്യമാക്കിയെടുക്കുന്നത്. അത്തരത്തിൽ വ്യക്തിയുടെയും സമൂഹത്തിന്റെയും അടിത്തറ തന്നെയാകുന്നു ഭാഷ. സാംസ്കാരികവിനിമയത്തിന്റെ പ്രതിനിദാനങ്ങളായ കലയും സാഹിത്യവുമെല്ലാം ഭാഷാവൈചിത്ര്യങ്ങളുടെ അനന്തമായ സാധ്യതകളെ അടയാളപ്പെടുത്തിയിട്ടുണ്ട്.

മനുഷ്യന്റെ സമൂഹാധിഷ്ഠിതമായ കൂട്ടായ്മയുടെ പ്രതിഫലനമാണ് കല. അത് സാമൂഹികമായ ഒരു അനിവാര്യത കൂടിയാണ്. മനുഷ്യജീവിത പരിസരങ്ങളുമായി അവയ്ക്ക് ബന്ധമുണ്ട്. തൊഴിലിടങ്ങളിലെ ഈണത്തിലും താളത്തിലും ഉയിർക്കൊണ്ടതാണ് ഓരോ കലയും. ഘട്ടംഘട്ടമായുണ്ടായ സാമൂഹികപരിണാമം ഭാഷയെയും കലയെയും പുരോഗതിയിലെത്തിച്ചു. കാലാനുസൃതമായും സാമൂഹിക വ്യതിയാനങ്ങളെ ഉൾക്കൊണ്ടും കല വളരുകയും പിളരുകയും ചെയ്തു. ഭാഷയിലുണ്ടായ പുരോഗതി മനുഷ്യനെ ബൗദ്ധികമായി ഉണർത്തുകയും അതുവഴി കല പരിഷ്ക്കരിക്കപ്പെടുകയും ചെയ്തു. പുതിയ ചിന്തകൾ പുതിയ കലകളെ രൂപപ്പെടുത്തിയതോടൊപ്പം കാലം മനുഷ്യനിൽ വരുത്തിയ വേർതിരിവുകൾ കലയുടെയും ഭാഗമായി. മനുഷ്യൻ തൊഴിലിനനുസൃതമായി വേർതിരിക്കപ്പെട്ടപ്പോൾ ഓരോ കലയുടെയും അവതരണത്തിന് ഓരോ വിഭാഗങ്ങൾ ഉണ്ടായി. കലകൾ സാമുദായികമായും ജാതിപരമായും വേർതിരിക്കപ്പെട്ടു. ചെണ്ടയ്ക്കു മാരാർ, കൂത്തിനു ചാക്യാർ എന്നിങ്ങനെ കലകൾ ജാതീയമായി പല തട്ടിലായി. സവർണകലയും അവർണകലയും രൂപപ്പെട്ടു. സാമൂഹികവും സാംസ്കാരികവുമായ നിരവധി കാരണങ്ങൾ അതിനു പിറകിലുണ്ട്. ഔത്തരാഹ പാരമ്പര്യത്തിൽ നിന്നും ദക്ഷിണാത്യ പാരമ്പര്യത്തിൽ നിന്നും വിഭിന്നമായ ഒരു കേരളീയ പാരമ്പര്യത്തിന്റെ അരങ്ങ് സൃഷ്ടിച്ചെടുക്കുന്നതിൽ ഈ കാരണങ്ങൾക്ക് നിയതമായ ഇടമുണ്ട്. ജീവിതരീതി, ആചാരങ്ങൾ, സാമൂഹ്യജീവിതക്രമങ്ങൾ എന്നിവ ഉൾക്കൊണ്ടുള്ള നവീനമായ ഒരു കേരളീയരംഗസങ്കല്പം സംലയനസംസ്കാരത്തിന്റെ ഒരു പുതിയ ഭൂമികയിലൂടെ സൃഷ്ടിക്കപ്പെട്ടതാണ്. അത്തരത്തിൽ രംഗവിനിമയത്തിന്റെ അനന്തസാധ്യതകളെ പകർന്നാടുന്ന കൂടിയാട്ടത്തിലെ കഥാപാത്രങ്ങളുടെ ബഹുഭാഷാത്മക സ്വരൂപങ്ങളും സവിശേഷതകളും അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിലൂടെ ചെയ്യുന്നത്.

## ക്ഷേത്രാധിഷ്ഠിത നവോത്ഥാനവും ക്ഷേത്രകലകളും

ഹിന്ദുമതനവോത്ഥാനത്തിന്റെ ഫലമായി സമൂഹത്തിൽ ക്ഷേത്രങ്ങൾക്കു പ്രസക്തി വർദ്ധിച്ചു. തിരുവൻവണ്ടൂർ, തിരുവല്ല, തിരുവാറന്മുള, തൃക്കൊടിത്താനം, തൃക്കാക്കര എന്നിവ അക്കാലത്തെ വൈഷ്ണവക്ഷേത്രങ്ങളും കണ്ടിയൂർ, തിരുവഞ്ചിക്കുളം, ഏറ്റുമാനൂർ, വൈക്കം എന്നിവ ശിവക്ഷേത്രങ്ങളുമാണ്. സമൂഹത്തിന്റെ തന്നെ നെടുംതൂണുകളായി ക്ഷേത്രങ്ങളെ അക്കാലഘട്ടം കണക്കാക്കിപ്പോന്നിരുന്നു. വിദ്യാഭ്യാസം, കല, സാഹിത്യം, സംഗീതം തുടങ്ങി സാമാന്യജനങ്ങളെ ക്ഷേത്രങ്ങളിലേക്കും ക്ഷേത്രപ്രവർത്തനങ്ങളിലേക്കും ആകർഷിക്കേണ്ടുന്ന എല്ലാ പ്രവർത്തനങ്ങളും ക്ഷേത്രങ്ങളിൽ ഉറപ്പാക്കിയിരുന്നു. താമസിച്ചുകൊണ്ട് വിദ്യ അഭ്യസിക്കുന്ന വിദ്യാശാലകളായ വലിയശാല, കാന്തള്ളൂർശാല, പാർത്ഥിവപുരം ശാല എന്നിവ അക്കാലഘട്ടത്തിലെ പ്രമുഖ വിദ്യാകേന്ദ്രങ്ങളായിരുന്നു. തർക്കം, വ്യാകരണം, മീമാംസ, വേദാന്തം, ജ്യോതിഷം എന്നിവയായിരുന്നു പഠനവിഷയങ്ങൾ. ബ്രാഹ്മണവിദ്യാർത്ഥികൾക്കു മാത്ര


ISSN: 2582 - 2594

മായിരുന്നു ഇവിടെ പ്രവേശനം ലഭിച്ചിരുന്നത്. മറ്റു വിഭാഗങ്ങളിൽപ്പെട്ടവർക്ക് വിദ്യാഭ്യാസത്തിനുള്ള അവകാശം നിഷേധിക്കപ്പെട്ടിരുന്നു.

ബുദ്ധിപരമായ പ്രാമാണികതയും വൈദികപാരമ്പര്യത്തിന്റെ ശ്രേഷ്ഠതയും കൊണ്ട് തങ്ങളുടെ മേധാവിത്വത്തെ അധികാരികൾക്കും സാധാരണ ജനങ്ങൾക്കും മുന്നിൽ അംഗീകരിപ്പിക്കാൻ ബ്രാഹ്മണർക്കു കഴിഞ്ഞിരുന്നു. ആര്യാവത്ക്കരണത്തിന്റെ ഫലമായുണ്ടായ സാംസ്കാരിക സംലയനം ഭാഷാസാഹിത്യകലാരംഗങ്ങളിൽ വലിയ മാറ്റങ്ങൾക്ക് വഴിവെച്ചു. പുരാണേതിഹാസങ്ങളെ അടിസ്ഥാനപ്പെടുത്തിയ നൃത്തസംഗീതാവതരണങ്ങൾ അക്കാലത്ത് ആരാധനയ്ക്കുള്ള മാർഗ്ഗങ്ങളായിരുന്നു. അതിനായി പ്രത്യേക വിഭാഗങ്ങളെയും ഇടങ്ങളേയും ക്ഷേത്രത്തിന്റെ ഭാഗമായി നിലനിർത്തിപ്പോന്നിരുന്നു. കൂത്ത്, കൂടിയാട്ടം തുടങ്ങിയ അനുഷ്ഠാന കലകളുടെ അവതരണത്തിനായി ചാക്യാർ, നങ്ങ്യാർ വിഭാഗങ്ങളും അവതരണയിടമായ കൂത്തമ്പലവും ക്ഷേത്രത്തിന്റെ തന്നെ ഭാഗമായിരുന്നത് അവയുടെ അനുഷ്ഠാനസ്വഭാവത്തെ കൂടുതൽ വെളിവാക്കുന്നു.

**കൂത്തും കൂടിയാട്ടവും**

സവർണകലകൾ എന്നറിയപ്പെടുന്ന കൂത്തും കൂടിയാട്ടവും ഒരു പ്രത്യേക വിഭാഗത്തിന്റെ ആസ്വാദനനിലവാരത്തെ തൃപ്തിപ്പെടുത്തുന്ന കലകളാണ്. ക്ലാസിക്കൽ കലകൾ എന്ന വിഭാഗത്തിൽപ്പെടുന്ന ഇവ ക്ഷേത്രമതിൽക്കെട്ടിനകത്തു നിർമ്മിച്ചിരുന്ന കൂത്തമ്പലങ്ങളിൽ മാത്രം അവതരിപ്പിച്ചുവന്നവയായിരുന്നു നാട്യധർമ്യാധിഷ്ഠിതമായ ഈ കലകൾ ആദ്യകാലങ്ങളിൽ അഭിസംബോധന ചെയ്തിരുന്നത് ത്രൈവർണികരായ ഒരു വിഭാഗത്തെ മാത്രമായിരുന്നു.

കൂത്ത് ഏകാഹാര്യവും കൂടിയാട്ടമെന്നത് ഒന്നിൽ കൂടുതൽ പേർ ചേർന്ന് അവതരിപ്പിക്കുന്നതുമാണ്. പ്രഖ്യാതങ്ങളായ രാമായണം, മഹാഭാരതം, ഭാഗവതം തുടങ്ങിയ പുരാണേതിഹാസങ്ങളിൽ നിന്നും കഥകളെടുത്ത് പുനരാവിഷ്കരണം നടത്തുകയെന്നതാണ് അവതരണത്തിനടിസ്ഥാനം. അരങ്ങ്, അഭിനയം തുടങ്ങിയ കാര്യങ്ങളിലെല്ലാം കൃത്യമായ സങ്കേതങ്ങളും പരമ്പരാഗതമായ ചിട്ടവട്ടങ്ങളും അനുവർത്തിച്ചു വരുന്നവയാണ് ഈ രംഗരൂപങ്ങൾ

രണ്ടായിരത്തി അഞ്ഞൂറ് വർഷത്തിലേറെ പഴക്കമുള്ള അതിബൃഹത്തായ ഭാരതീയ നാടകപാരമ്പര്യത്തിന്റെ കേരളീയ രംഗാവതരണരൂപമാണ് കൂടിയാട്ടം. നടസൂത്രങ്ങളും നാട്യശാസ്ത്രവും ആധാരമാക്കി ഭാസൻ, കാളിദാസൻ, ശൂദ്രകൻ, വിശാഖദത്തൻ, ഭവഭൂതി തുടങ്ങിയ ആചാര്യന്മാർ രചിച്ച സംസ്കൃതനാടകങ്ങൾ അരങ്ങുവാണിരുന്ന പുഷ്കലമായ ഒരു കാലം ഭാരതീയ രംഗവേദിയ്ക്കുണ്ടായിരുന്നു. പ്രാദേശികഭാഷകളുടെ ആവിർഭാവവും വളർച്ചയും ദേശീപരമായ കലാസ്വാദനത്തിലേക്ക് ആളുകളെ നയിക്കുകയും ആ മേഖലയിലേക്ക് ആസ്വാദനം കേന്ദ്രീകരിക്കുകയും ചെയ്യുന്നതിന് കാരണമായി. ഭാഷാപരമായ സ്വത്വബോധവും ദേശീരൂപങ്ങളുടെ ആകർഷകത്വവും സംസ്കൃത രംഗാവതരണങ്ങളുടെയും ഒപ്പം തന്നെ സംസ്കൃത ഭാഷയുടെയും പ്രചാരലോപത്തിനിടയാക്കി. എന്നാൽ കേരളത്തിൽ അക്കാലഘട്ടം സംസ്കൃതരംഗവേദിയെ പുതിയ രൂപത്തിൽ അരങ്ങിലെത്തിച്ചു.

ശക്തിഭദ്രന്റെ ആശ്ചര്യചൂഡാമണിയാണ് കേരളത്തിലെ ആദ്യത്തെ സംസ്കൃതനാടകമായി കണക്കാക്കപ്പെടുന്നത്. മത്തവിലാസവും ഭദവദജ്ജുകവും അക്കാലത്തുതന്നെ ഇവിടെ

പ്രചരിച്ചിരുന്ന പ്രഹസനങ്ങളാണ്. നീലകണ്ഠകവിയുടെ കല്യാണസൗഗന്ധികം വ്യായോഗം, കുലശേഖരവർമ്മന്റെ സുഭദ്രാധനഞ്ജയം, തപതീസംവരണം, അവയുടെ രംഗപാഠങ്ങളായ ധനഞ്ജയധ്വനി, സംവരണധ്വനി എന്നിവയൊക്കെ കേരളീയ സംസ്കൃതരംഗവേദിയുടെ ചരിത്രത്തിൽ നിയതമായ സ്ഥാനമുള്ള രചനകളാണ്.

**അഭിനയം**

ചതുർവിധാഭിനയപ്രധാനമാണ് കൂടിയാട്ടം. അംഗചലനങ്ങൾ, നിലകൾ, നിൽപ്പുകൾ, ചാരികൾ, മുദ്രകൾ എന്നിവയുടെ സമന്വയത്തിലൂടെ സാധ്യമാകുന്ന ആംഗികാഭിനയവും കഥാപാത്രസംഭാഷണങ്ങളിലൂടെ നിർവ്വഹിക്കപ്പെടുന്ന വാചികാഭിനയവും, പാത്രമനോഭാവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള സാത്വികാഭിനയത്തിന്റെ സൂക്ഷ്മതലങ്ങളും ലൗകികേതരമായ വേഷഭൂഷാദികളിലൂടെ നാട്യധർമ്മിയെ അതിന്റെ പരമോന്നതിയിൽ പ്രകാശിപ്പിക്കുന്ന ആഹാര്യാഭിനയവും ചേരുന്നതാണ് കൂടിയാട്ടത്തിന്റെ അഭിനയസമ്പ്രദായം.

**കൂടിയാട്ടത്തിലെ വാചികവും നാട്യധർമ്മിതയും**

കൂടിയാട്ടം ഒരു നാടകാവതരണമായതിനാൽ തന്നെ സംഭാഷണങ്ങൾക്ക് അതീവ പ്രാധാന്യമുണ്ട്. ഗ്രന്ഥപാഠമായ സാഹിത്യത്തെ ഭാവാഭിനയത്തിനനുയോജ്യമായി പ്രയോഗിക്കുകയാണ് അരങ്ങിൽ ചെയ്യുന്നത്. സ്വരിക്കൽ എന്നാണ് ഇത് അറിയപ്പെടുന്നത്. നാട്യധർമ്മിയായ കൂടിയാട്ടത്തിന്റെ സ്വഭാവത്തെ ഉത്തമമാക്കുന്നതാണ് വാചികത്തിന്റെ പ്രയോഗത്തിലുള്ള ക്രമീകരണം. സാധാരണ മനുഷ്യരുടെ സംഭാഷണങ്ങളിൽ നിന്നു വ്യത്യസ്തമായി താളാത്മകവും ഭാവാനുഗുണവുമായ ഈ ശബ്ദപ്രയോഗം വേദോച്ചാരണത്തോടു ചേർന്നുനിൽക്കുന്നതാണ്. വാചികത്തെ ആസ്വാദ്യമാക്കുന്നതോടൊപ്പം സംഭാഷണത്തിന്റെ ആശയങ്ങൾക്കും ഭാവത്തിനും പൂർണതയും മിഴിവുമേകുന്നു. ഇരുപത്തിനാല് രാഗങ്ങളാണ് കൂടിയാട്ടത്തിൽ സാധാരണ പ്രയോഗിക്കുന്നത്. ഓരോ രസത്തിനും അനുസൃതമായ രംഗതാളങ്ങളിലാണ് ശ്ലോകങ്ങൾ ചൊല്ലുന്നത്. മുദ്ധൻ, ശ്രീകണ്ഠി, തൊണ്ട്, ആർത്തൻ, ഇന്ദളം, മുരളീന്ദളം, വേളാധൂളി, ഭാണം, വീരതർക്കൻ, കൈശികി, തർക്കൻ, കോരക്കുറിഞ്ഞി, പൊറനീര്, ചേടീപഞ്ചമം, ദുഃഖഗാന്ധാരം തുടങ്ങിയവ അവയിൽ ചിലതാണ്. ഇന്ദളം എന്ന രാഗം ഉത്തമനായകനാണ് ഉപയോഗിക്കുന്നത്. കൈശികിരാഗം ഹാസ്യം, ബീഭത്സം തുടങ്ങിയ രസങ്ങൾക്കും ചേടീപഞ്ചമം നീചകഥാപാത്രങ്ങൾക്കും ആർത്തൻ ശൃംഗാരരസത്തിനും ഉപയോഗിക്കുന്നു.

**അരങ്ങിന്റെ ബഹുഭാഷാത്മകത വിദൂഷകനിൽ**

കൂടിയാട്ടത്തിൽ ഭാഷയ്ക്ക് സവിശേഷ പ്രാധാന്യം നൽകുന്ന കഥാപാത്രമാണ് വിദൂഷകൻ. കേരളീയ അഭിനയ പാരമ്പര്യത്തനിമയായ വ്യാഖ്യാനത്തിനും വിവരണത്തിനും പ്രാധാന്യം നൽകിക്കൊണ്ട് സൃഷ്ടിക്കപ്പെട്ട കഥാപാത്രമാണ് വിദൂഷകൻ പൊറാട്ടിലും കാക്കരശ്ശിയിലും തോൽപ്പാവക്കൂത്തിലുമെല്ലാം പിന്തുടർന്നുവരുന്ന ആഖ്യാനപാരമ്പര്യത്തിന്റെ സൗന്ദര്യാത്മകതലത്തെ തികവാർന്ന രീതിയിൽ രംഗത്ത് അവതരിപ്പിക്കുന്ന ഈ കഥാപാത്രം. അഭിനയപ്രാധാന്യമുള്ള കഥാസന്ദർഭത്തെ സ്വീകരിച്ചുകൊണ്ട് ഭാവാഭിനയത്തികവോടെ വിസ്തരിച്ചഭിനയിക്കുന്നത് കൂടിയാട്ടത്തിന്റെ കേരളത്തനിമയെ വിളിച്ചോതുന്നതാണ്.


ISSN: 2582 - 2594

കുലശേഖരവർമ്മന്റെ രംഗപരിഷ്ക്കരണങ്ങളാണ് കൂടിയാട്ടത്തിൽ ഇന്നു കാണുന്ന വിദൂഷക കഥാപാത്രത്തിന്റെ വളർച്ചയുടെ അടിസ്ഥാനം. അതുവരെ സംസ്കൃതനാടകങ്ങളിലെ നർമ്മസചിവൻ മാത്രമായിരുന്നു വിദൂഷകൻ. എന്നാൽ ഇന്ന് നായകനൊപ്പമോ അതിനെക്കാളുമോ പ്രാധാന്യം അരങ്ങിൽ ഈ കഥാപാത്രത്തിനുണ്ട്. എല്ലാ വിധത്തിലുമുള്ള ആസ്വാദകരെ മുന്നിൽക്കണ്ടുകൊണ്ടുള്ള അദ്ദേഹത്തിന്റെ പരിഷ്ക്കരണത്തിൽ നിരവധി കൂട്ടിച്ചേർക്കലുകൾ ആവശ്യമായി വന്നു. വേദശാസ്ത്രങ്ങൾ അഭ്യസിച്ച പണ്ഡിതരെയും സാധാരണ ജനങ്ങളെയും മുന്നിൽക്കണ്ടുകൊണ്ട് അദ്ദേഹം നടത്തിയ പരീക്ഷണങ്ങളിൽ പ്രധാനമായിരുന്നു വിദൂഷകന്റെ രംഗസാധ്യതകളുടെ വിപുലീകരണം. വ്യംഗ്യാർത്ഥത്തിലധിഷ്ഠിതമായ ഉള്ളുരകളുടെ ധ്വനിതലവും, നേത്രാഭിനയത്തിന്റെ സൂക്ഷ്മതയും പണ്ഡിതരായ പ്രേക്ഷകരെ തൃപ്തിപ്പെടുത്തുന്നതിനായി പരിഗണിച്ചപ്പോൾ ഗീതവാദ്യാധിഷ്ഠിതമായ രംഗപ്രയോഗങ്ങളും അഭിനയവും വ്യാഖ്യാനാധിഷ്ഠിതമായ വിവരണവും സാധാരണക്കാരുടെ ആസ്വാദനത്തെ പരിഗണിച്ചുകൊണ്ട് അദ്ദേഹം അരങ്ങിന്റെ ഭാഗമാക്കി.

വിദൂഷകന്റെ ചരിത്രം നൂറ്റാണ്ടുകൾ നീണ്ടുനിന്ന പരുവപ്പെടലിന്റേതാണ്. കൂത്തിലായാലും കൂടിയാട്ടത്തിലായാലും അരങ്ങേറുന്ന കഥപറച്ചിൽ സാമ്പ്രദായികമായ നാടകസമ്പ്രദായത്തിൽ നിന്നു വിഭിന്നമാണ്. കൂത്തിൽ വിദൂഷകൻ ആഖ്യാതാവാകുമ്പോൾ കൂടിയാട്ടത്തിൽ കഥാനായകനൊപ്പം തന്നെ പ്രാധാന്യമുള്ള കഥാപാത്രമാണ്. ഓരോ കാലഘട്ടത്തിലും ഇവിടെ സംഭവിച്ച സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളുടെ കൂടി പരിച്ഛേദമാണ് അതതുകാലത്തിന്റെ സാമൂഹികാവശ്യങ്ങളെ നിർവ്വഹിക്കുന്നതിനായി വിവിധ പേരുകളിലും ഭാവങ്ങളിലും ഓരോ കാലഘട്ടത്തിൽ കൂടിയാട്ടരംഗവേദിയിൽ നിറഞ്ഞാടിയ വിവിധ പേരുകളിൽ പ്രശസ്തരായ വിദൂഷക കഥാപാത്രങ്ങൾ. ഒൻപതാം നൂറ്റാണ്ടിൽ സംസ്കൃതനാടകങ്ങളിലെ നർമ്മസചിവനായ മാഢവ്യൻ മുതൽ കുലശേഖരനാടകങ്ങളിലെ കൗണ്ഡിന്യൻ, ഭാവദജ്ജുകത്തിലെ നാസ്തികനിന്ദ നടത്തുന്ന ശാണ്ഡില്യൻ, കേരളീയ ജീവിതത്തിന്റേതായ വിവിധ സാഹചര്യങ്ങളെ വേഷത്തിലും ഭാവത്തിലും അരങ്ങിന്റെ ഭാഗമാക്കിയ വസന്തകൻ, പതിനാലാം നൂറ്റാണ്ടുമുതൽ ശൃംഗാരനാടകങ്ങളിൽ നായകന്റെ സന്തതസഹചാരിയും ഉറ്റ ചങ്ങാതിയുമായ തോഴർ വരെയുള്ള ഓരോ കഥാപാത്രവും ഒരു വേഷമെന്ന നിലയിൽ അതിന്റെ വളർച്ചയെ അടയാളപ്പെടുത്തുന്നതാണ്.

കൂടിയാട്ടത്തിലെ ഇതര കഥാപാത്രങ്ങളിൽനിന്നെല്ലാം ഭിന്നമാണ് വിദൂഷകന്റെ ഭാഷാപ്രയോഗം. ആദ്യം പ്രാകൃതഭാഷയിൽ വാക്യം ചൊല്ലിക്കഴിഞ്ഞ് അതിന്റെ സംസ്കൃതം സൂചിപ്പിക്കുന്നു. തുടർന്ന് വാക്യത്തിന്റെ അർത്ഥം മലയാളഭാഷയിൽ വിസ്തരിച്ചുപറഞ്ഞു ഫലിപ്പിക്കുന്നു. പ്രാകൃതം, മലയാളം, സംസ്കൃതം എന്നീ മൂന്നു ഭാഷകളും കൈകാര്യം ചെയ്യാൻ കഴിയുന്നതോടൊപ്പം പ്രഭാഷണത്തിനിടയിൽ സരസസ്വഭാവമുള്ള മണിപ്രവാളശ്ലോകങ്ങൾ കൂടി ചൊല്ലി ഫലിപ്പിക്കാൻ കഴിവുള്ളയാളായിരിക്കണം വിദൂഷകൻ.

“രാജാവ് - കസ്തേ പ്രാണസംശയസ്യഹേതു:? (എന്നാണ് അങ്ങയുടെ പ്രാണസംശയത്തിനു കാരണം?)

വിദൂഷകൻ (ചൂണ്ടിക്കാട്ടീട്ട്) ഏദസ്സിം മരദയസിളാ ദളേ ളോഹിത പരോദീയസി (ഏതസ്മിൻ മരതകാശിലാതലേ ലോഹിത പരോ ദൃശ്യതേ) ഈ മരതക കൽത്തളത്തിൽ ചോര

യൊഴകിക്കാണുന്നുണ്ട്.)"[1] തപതീസംവരണം കൂടിയാട്ടം മൂന്നാം ദിവസത്തിലെ ഈ ഭാഗം മുകളിൽപ്പറഞ്ഞ ഭാഷാസാധ്യതയുടെ ഉദാഹരണമാണ്.

അരങ്ങത്തു കൂടെയുള്ള ഇതര കഥാപാത്രങ്ങളുടെ വാക്യങ്ങളെ സംബന്ധിച്ചും ശ്ലോകങ്ങളെ സംബന്ധിച്ചുമുള്ള അർത്ഥവിസ്താരം നടത്തേണ്ട ചുമതലയും വിദൂഷകനുണ്ട്. നായകന്റെ സന്തതസഹചാരികൂടിയായ വിദൂഷകൻ നായകന്റെ സംസ്കൃതത്തിലുള്ള ശ്ലോകങ്ങൾക്ക് ഹാസ്യദ്യോതകമായി മലയാളത്തിൽ ശ്ലോകങ്ങൾ തീർത്ത് മറുപടി ശ്ലോകമവതരിപ്പിക്കുന്നതും ശ്രദ്ധേയമാണ്. കുലശേഖരവർമ്മന്റെ പരിഷ്ക്കരണഫലമായി പ്രാദേശിക ഭാഷയിലും മണിപ്രവാളത്തിലും വാചികമാകാമെന്നു നിശ്ചയിച്ചതു ദേശീപരമായ ഭാഷാസാധ്യതകളെ അരങ്ങിൽ വിനിയോഗിക്കുക വഴി കേരളീയമായ ആഖ്യാനതലവും പുതിയൊരു ഭാവുകത്വവും കൂടിയാട്ടത്തിന് കൈവന്നുവെന്നു കരുതണം.

ഹാസ്യമെന്ന സ്ഥായിഭാവത്തിൽ നിന്ന് വിജ്ഞാനത്തിന്റെ വിവേകതലത്തിലേക്ക് ഉയർന്ന വിദൂഷകനാണ് ഇന്നത്തെ കൂടിയാട്ട അരങ്ങുകളിൽ കാണാൻ കഴിയുന്നത്. കാലിക പ്രസക്തമായ വിഷയങ്ങളെയും സാമൂഹിക സാഹചര്യങ്ങളെയും കുറിച്ച് കൃത്യമായ നിലപാടുകളുണ്ടായിരിക്കണം. വിദൂഷകന് നാടകത്തോടു ബന്ധപ്പെടുത്തി കഥകളെയും ഉപകഥകളെയും വ്യാഖ്യാനിച്ചും വിശദീകരിച്ചും വിഷയത്തെക്കുറിച്ചുള്ള കൃത്യമായ ധാരണ ആസ്വാദകരിൽ സൃഷ്ടിക്കുകയും വിമർശിക്കേണ്ടതിനെ ആക്ഷേപഹാസ്യത്തിന്റെ ചേരുവകളിലൂടെ ഉദ്ബുദ്ധരാക്കുകയും സ്വയം നവീകരണമെന്ന ക്രിയാത്മക വിമർശനത്തിന്റെ പാതയിലേക്കു നയിക്കുകയും ചെയ്യുന്നു. കൂടിയാട്ടം അരങ്ങുകളിലെ ഇന്നത്തെ വിദൂഷകനെ ഡോ. കെ. ജി. പൗലോസ് അടയാളപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്.

"നാടകത്തിലെ ലോകത്തിന് സമാന്തരമായൊരു ലോകം സൃഷ്ടിച്ച് നർമ്മസചിവനായ വിദൂഷകൻ നായകനെ രംഗവേദിയുടെ പിന്നിലേക്കു തള്ളി. ചന്ദനഗൃഹങ്ങളും മണിമയശിലകളും മറന്നാലും ചക്കിയും അശനവിനോദങ്ങളും മനസിൽ നിന്ന് മായില്ല എന്നായി കാഴ്ചക്കാരുടെയും അവസ്ഥ"[2] (88: 2020).

**ശൂർപ്പണഖ**

കൂടിയാട്ടം അരങ്ങിന്റെ അഭിനയത്തികവാർന്ന മറ്റൊരു കേരളീയ മാതൃകയാണ് ശൂർപ്പണഖയെന്ന കഥാപാത്രം. വിദൂഷകനെപ്പോലെതന്നെ വാചികാഭിനയപ്രധാനമാണ് ശൂർപ്പണഖയുടെ രംഗങ്ങളും. പ്രാകൃതത്തിൽ വാക്യമുച്ചരിച്ച് അതിന്റെ അർത്ഥം പ്രാകൃതമലയാളത്തിൽ ശബ്ദിക്കുകയാണ് ഈ കഥാപാത്രം ചെയ്യുന്നത്. ശൂർപ്പണഖ ഉച്ചരിക്കുന്ന വാചികം ഹീനസ്വരമെന്നാണ് അറിയപ്പെടുന്നത്. നാഭിയിൽനിന്നും കണ്ഠത്തിൽ നിന്നും പുറപ്പെടുന്നതാണ് ഈ ശബ്ദം.

ശക്തിഭദ്രന്റെ ആശ്ചര്യചൂഡാമണി നാടകത്തിലെ രണ്ടാമങ്കമാണ് ശൂർപ്പണാഖാങ്കം. താനാരാണ്, താനെന്തിനിവിടെ വന്നു എന്നെല്ലാം പ്രാകൃതമലയാളത്തിൽ ഉച്ചരിച്ചുകൊണ്ട് തന്റെ പൂർവ്വകഥ ശൂർപ്പണഖ വിവരിക്കുന്നു. രാമലക്ഷ്മണന്മാരെ കണ്ടുമുട്ടിയതും അവരുടെ സ്വഭാവവിശേഷങ്ങളും രാമലക്ഷ്മണന്മാർക്ക് ഒപ്പമുണ്ടായിരുന്ന സീതയുടെ സാന്നിധ്യവുമെല്ലാം വിവരിക്കുന്നു. ഒടുവിൽ അവരാൽ അപമാനിക്കപ്പെട്ട് കലഹിച്ച് വിരൂപയാക്കപ്പെട്ടതിന്റെ ഉണ

ഞാത്ത മുറിവുമായി അമർഷത്തോടെ നിഷ്ക്രമിക്കുന്ന ശൂർപ്പണഖ രൂപഭാവങ്ങളുടെ സവിശേഷ പ്രകടനം കൊണ്ടും അഭിനയത്തികവുകൊണ്ടും അരങ്ങിൽ ശോഭിക്കുന്ന കഥാപാത്രമാണ്.

'എത്രയും സുഖമുണ്ടായി സുഖമെന്ന് താനേ ചൊല്ലിയാലും

പോര സുഖം, സുഖം, സുഖം എന്ന് പലവട്ടം ചൊല്ലിയാലേ മതിയാകൂ' എന്നുള്ള മലയാളപദങ്ങൾക്ക് 'എനെതുകമേ താനേ തുകമെന്നു ചൊല്ലിയാലും പോരായേ തുകം തുകം തുകം' എന്നു പലവട്ടം ചൊല്ലിയാലേ മതിയാവേ'[3] എന്നിങ്ങനെ പ്രാകൃതമായ മലയാളത്തിലൂടെയാണ് തന്റെ സംഭാഷണങ്ങൾ അവതരിപ്പിക്കുന്നത്. രാക്ഷസകുലത്തിൽ ജനിച്ച ഒരു ഹീനജാതിക്കാരിയുടെ പ്രതിനിധീകരണമായ ശൂർപ്പണഖയുടെ ആഹാര്യവിശേഷത്തിന് അനുസരണമായ ഭാഷകൂടി പ്രയോഗിച്ച് കഥാപാത്രത്തിന്റെ ഭാവതലത്തെ കൂടുതൽ യോജിപ്പുള്ളതാക്കുന്നു. ഉത്തമ, മധ്യമ, അധമ എന്നിങ്ങനെയുള്ള കഥാപാത്രവിഭജനത്തിൽ പ്രത്യക്ഷമാകുന്ന അരങ്ങിന്റെ വേർതിരിവുകളും ഒപ്പം വായിച്ചെടുക്കാവുന്നതാണ്.

### ശങ്കുകർണ്ണൻ

തോരണയുദ്ധാങ്കത്തിലെ ശങ്കുകർണൻ വാചികപ്രയോഗത്തിന്റെ സവിശേഷതകൊണ്ട് ശ്രദ്ധയാകർഷിച്ച മികച്ച കഥാപാത്രമാണ് ലങ്കയിലെ അശോകവനികോദ്യാനത്തിന്റെ കാവൽക്കാരനായ ശങ്കുകർണ്ണൻ. രാവണനോടുള്ള ഭയം നിമിത്തം പേടിച്ചരണ്ട് അക്ഷരങ്ങൾ നേരെ ഉച്ചരിക്കാൻ കഴിയാത്തവിധമാണ് ഭാഷ പ്രയോഗിക്കുന്നത്. ഭയമെന്ന വികാരത്തെ പ്രകടിപ്പിച്ചുകൊണ്ട് ഭാവതലത്തെ കൂടുതൽ പ്രേക്ഷകർക്ക് അനുഭവവേദ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇവിടെ നിറവേറ്റാൻ ശ്രമിക്കുന്നത്. ഉച്ചാരണത്തിൽക്കൂടി വാചികാഭിനയത്തിന്റെ ഭാഷാപരമായ സാധ്യതയെ പരമാവധി ഉൾക്കൊള്ളിച്ചിരിക്കുന്നത് ശങ്കുകർണ്ണന്റെ ഓരോ പ്രകടനത്തിലും വ്യക്തവും കൃത്യവുമാണ്.

### ബാലി

ബാലിവധാങ്കം അഞ്ചാം ദിവസത്തിലെ ബാലിയുടെ പ്രവേശനത്തിൽ ഉദ്ധതമായ മേളത്തിനൊപ്പം കേൾക്കുന്ന 'ക-ക-ക-കഥം ക-ക-ക-കഥം സുഗ്രീവ ഇതി' എന്ന വിക്കിവിക്കിക്കൊണ്ടുള്ള ശബ്ദധ്വനി ബാലിയുടെ രൗദ്രം നിറഞ്ഞ അവസ്ഥയുടെ പ്രത്യക്ഷീകരണമാണ്. വിക്കിക്കൊണ്ടുള്ള വാക്കുകളുടെ ഉച്ചാരണവും മുഴക്കവും ഒരു അട്ടഹാസത്തിന്റെ ഭാവമാണ് പ്രസ്തുത രംഗത്തിന് നൽകുന്നത്.

### ഉപസംഹാരം

ഭാവാഭിനയപ്രധാനമായ നാടകത്തെ സംബന്ധിച്ച് രസാനുഗുണമായ വാചികശബ്ദം ഭാവതലത്തെ തീവ്രവും പൂർണവുമാക്കുന്നു. ഭാഷയുടെ വിവിധ രൂപങ്ങളെ അതിന്റെ തന്നെ വിവിധ മാത്രകളും വിശേഷതയാർന്നതുമായ ക്രമീകരണങ്ങളിലൂടെയും കാലദേശങ്ങളെ അരങ്ങിൽ സൃഷ്ടിക്കുകയെന്ന നാട്യധർമ്മം കൂടിയാട്ടം മേൽപ്പറഞ്ഞ കഥാപാത്രങ്ങളിലൂടെ സമർത്ഥമായി നിർവ്വഹിക്കുന്നു.

**കുറിപ്പുകൾ**

1. നാരായണപിഷാരോടി കെ. പി., കൂത്തമ്പലങ്ങളിൽ, പുറം 133
2. പൗലോസ് കെ. ജി. ഡോ., കൂടിയാട്ടം അഭിനയത്തിന്റെ തുടർച്ചയും വളർച്ചയും, പുറം 88
3. മാണി മാധവചാക്യാർ, നാട്യകല്പദ്രുമം, പുറം 40

**ഗ്രന്ഥസൂചി**


1. മാണി മാധവചാക്യാർ, നാട്യകല്പദ്രുമം, കേരള കലാമണ്ഡലം, ചെറുതുരുത്തി, 1973
2. നാരായണപിഷാരോടി കെ. പി., കൂത്തമ്പലങ്ങളിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015.
3. നാരായണൻ നമ്പ്യാർ പി. കെ, മന്ത്രാങ്കം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2016.
4. പി. കെ. ജി. നമ്പ്യാർ, വിദൂഷകൻ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2014
5. പൗലോസ് കെ.ജി., ഡോ. കൂടിയാട്ടം അഭിനയത്തിന്റെ തുടർച്ചയും വളർച്ചയും, ഗ്രീൻ ബുക്സ്, തൃശ്ശൂർ, 2020
6. ഗോപാലകൃഷ്ണൻ നടുവട്ടം ഡോ., ഭാഷാസംസ്കാരപഠനങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019.
7. അച്യുതവാര്യർ എസ്. പ്രൊഫ., കേരളസംസ്കാരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019
8. ശ്രീധരമേനോൻ എം., കേരളസംസ്കാരം, ഡി. സി. ബുക്സ്, കോട്ടയം, 2017



ISSN: 2582 - 2594

# ദളിത് ജ്ഞാനനിർമ്മിതിയും പത്രപ്രവർത്തന ചരിത്രവും

**ശ്രീക്കുട്ടി കെ.**
അസിസ്റ്റന്റ് പ്രൊഫസ്സർ (ഓൺ കോൺട്രാക്ട്)
വിമല കോളേജ് ഓട്ടോണോമസ്, തൃശ്ശൂർ
Email: sreekutty.kannan84@gmail.com

**പ്രബന്ധസംഗ്രഹം**

കേരളത്തിന്റെ അച്ചടിയുടെ ചരിത്രത്തെ സംബന്ധിച്ച് ധാരാളം ഗ്രന്ഥങ്ങൾ നമുക്ക് ലഭ്യമായിട്ടുണ്ട് അവയിലൊക്കെ അച്ചടിയുടെ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നത് മിഷനറി പ്രവർത്തനങ്ങളുടെ ഭാഗമായും വൈദേശി സംസ്കൃതിയുടെ സംഭാവനയുമായാണ്. മിഷനറി പ്രവർത്തനങ്ങളിൽ നിന്ന് ആരംഭിക്കുന്ന മലയാള അച്ചടി ചരിത്രത്തിൽ വിസ്മരിക്കപ്പെട്ട ഒരു ജനവിഭാഗത്തിന്റെ പ്രവർത്തനങ്ങളെയാണ് ഈ ഗവേഷണ ലേഖനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതായത് അച്ചടിയുടെ ചരിത്രത്തെ അവതരിപ്പിക്കുമ്പോൾ സവർണ്ണ പ്രമുഖരുടെ പരിശ്രമങ്ങളെ മാത്രം പ്രത്യേകം ശ്രദ്ധ നൽകി പരിഗണിക്കുന്നതായി കാണാം. അവിടെയൊന്നും ദളിതർ നടത്തിയ അച്ചടി പരിശ്രമങ്ങളും ദളിതർക്കായി അവർ തന്നെ ആരംഭിച്ച പ്രസിദ്ധീകരണങ്ങളും അംഗീകരിക്കപ്പെട്ടില്ല. പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹിക/ സാമുദായിക പരിശ്രമങ്ങളിൽ ദളിതർ തങ്ങളുടെ വ്യക്തമായ പ്രാതിനിധ്യം എടുത്തുകാണിക്കാൻ ഉപയുക്തമാക്കിയ വഴിയായിരുന്നു അച്ചടിയുടെത്. മലയാള അച്ചടിയിലെ ചരിത്രത്തിൽ ദളിതരുടെ പ്രവർത്തനങ്ങളെയാണ് ഈ ഗവേഷണ ലേഖനത്തിലൂടെ നിരീക്ഷിക്കുന്നത്.

**താക്കോൽ വാക്കുകൾ:** ദളിത്, ആഖ്യാനം, കീഴാള ചരിത്രം, അച്ചടി- പത്രപ്രവർത്തനം, കേരള ചരിത്രം, മാധ്യമം

**ലക്ഷ്യം**

1. മലയാള അച്ചടി ചരിത്രത്തിൽ വിസ്മൃതമാക്കപ്പെട്ട ദളിതരുടെ പ്രാതിനിധ്യം വെളിവാക്കുന്നു

2. അക്കാലത്തെ ദളിതരുടെ സാമൂഹിക സാമ്പത്തിക സ്ഥിതിഗതികളെ അവരുടെ അച്ചടിശാലകളെയും പ്രസിദ്ധീകരണ പ്രവർത്തനങ്ങളെയും മുൻനിർത്തി വിലയിരുത്തുന്നു

3. . മലയാളത്തിൽ ദളിത് അച്ചടിയുടെ ചരിത്രം ആരംഭിക്കുന്നതായി ഈ പറയപ്പെടുന്നത് അയ്യൻകാളിയുടെ നേതൃത്വത്തിൽ ആരംഭിച്ച സാധുജന പരിപാലിനി എന്ന മാസികയിലൂടെ യാണ്. എന്നാൽ അതിനുമുമ്പ് ഉണ്ടായിരുന്ന ദളിത് പ്രസിദ്ധീകരണങ്ങളെയും അന്നത്തെ സാമൂഹിക പശ്ചാത്തലത്തേയും കണ്ടെത്തുന്നു.

**പ്രസക്തി**

ചരിത്രം പലപ്പോഴും പൂർണ്ണമോ തീർത്തും യാഥാർത്ഥ്യമോ ആകണമെന്നില്ല. നമുക്ക് സുപരിചിതമായ അച്ചടിയുടെ ചരിത്രത്തിൽ പ്രധാനികളായി അറിയപ്പെട്ടിരുന്നത് വൈദേശി കരും ചില സവർണ്ണപ്രമുഖരും ആയിരുന്നു. ഒരുകാലത്ത് ഇവരുടെ കുത്തകയായിരുന്ന അച്ചടി പത്രപ്രവർത്തനരംഗത്തേക്ക് ദളിതർ കടന്നുവന്നത് ഒട്ടനവധി പ്രതിബന്ധങ്ങളെ തരണം ചെയ്തുകൊണ്ടാണ്. പക്ഷേ മുഖ്യധാര ഇടങ്ങളിൽ നിന്നും പ്രത്യേകമായി ദളിതരുടെ അച്ചടിക്ക് നേതൃത്വം നൽകിയവരെയോ അവരുടെ പ്രസിദ്ധീകരണങ്ങളുടെ ലക്ഷ്യത്തെയോ കണ്ടെത്തു കയുണ്ടായില്ല. ദളിതർക്ക് സ്വത്വബോധം നൽകി അവരെ മുൻനിരയിലേക്ക് എത്തിക്കാൻ വലിയ പങ്കുവഹിച്ച ഇത്തരം പ്രസിദ്ധീകരണങ്ങളെ കുറിച്ച് അറിവ് നൽകുന്നു. അച്ചടി രംഗത്ത് വളരെ അസൂയാവഹമായ പ്രവർത്തനങ്ങൾ നടത്തിയിരുന്ന ദളിതരുടെ ഒരു പോയകാലത്തെ ഓർമ്മപ്പെടുത്തുന്നിടത്താണ് ഈ ഗവേഷണലേഖനത്തിന്റെ പ്രസക്തി.

**പൂർവ്വ പഠനങ്ങൾ**

അച്ചടി പത്രപ്രവർത്തനവുമായി ബന്ധപ്പെട്ട ഏതാനും ഗ്രന്ഥങ്ങളെ ഗവേഷണ ലേഖ നത്തിനായി മാതൃകയാക്കിയിട്ടുണ്ട്. ഡോക്ടർ മോഹൻദാസ് വള്ളിക്കാവിന്റെ "കീഴാള പത്ര പ്രവർത്തനം". നിസാർ ഒളവണ്ണയുടെ "പത്രപ്രവർത്തനം", ദിനേശ് വർമ്മയുടെ "പത്രപ്രവർ ത്തനം വഴിയും വസ്തുതയും". കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച "മാധ്യമങ്ങളും മലയാള സാഹിത്യവും" മുതലായ ഗ്രന്ഥങ്ങളാണ് ഇതിൽ പ്രധാനപ്പെട്ടവ.

**ദളിത് ജ്ഞാനനിർമ്മിതിയും പത്രപ്രവർത്തന ചരിത്രവും**

മിഷനറിപ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് കേരളത്തിൽ അച്ചടി ആരംഭിക്കുന്നത്. വൈ ദേശികർ തങ്ങളുടെ ആശയങ്ങൾ പ്രചരിക്കാനും കൊളോണിയൽ അധികാരസീമയ്ക്കകത്ത് തദ്ദേശീയരെ നിലനിർത്താനും ഈ പുതിയജ്ഞാനസമ്പ്രദായത്തെ ഉപയോഗിച്ചു. ആദ്യകാല ത്തെ പത്രങ്ങളും പത്രികകളും മതപരമായ ആശയങ്ങളാണ് മുന്നോട്ടുവെച്ചത്. കൊല്ലത്ത് 1578ൽ സ്ഥാപിച്ച സാൽവദോർ സെമിനാരിയിലെ അച്ചുകൂടവും കൊച്ചിയിൽ ഈശോസഭക്കാർ 1560ൽ സ്ഥാപിച്ച ദേവമാതാവിന്റെ മുദ്രണാലയവും അമ്പഴക്കാട് സെന്റ്പോൾ സെമിനാരിപ്രസ്സുമൊക്കെ മതപ്രചരണത്തിൽ ചെലുത്തിയ സ്വാധീനംവിശ്രുതമാണ്. എന്നാൽ കേരളത്തിൽ മലയാളം അച്ചടിയുടെ ചരിത്രം ആരംഭിക്കുന്നത് 1821ൽ ബെഞ്ചമിൻ ബെയ്‌ലി കോട്ടയം സി.എം.എസ്. പ്രസ്സിൽ അച്ചുകൂടം സ്ഥാപിക്കുന്നതോടെയാണ്. 1847ലെ 'രാജ്യസമാചാര'ത്തിലൂടെ സംഭവി ച്ചതു മതപ്രചാരണത്തിന്റെ കുത്തൊഴുക്കായിരുന്നു. എന്നാൽ തുടർന്നുണ്ടായ 'പശ്ചിമതാരക', 'വിദ്യാസംഗ്രഹം', 'വിദ്യാവിനോദിനി' മുതലായ ആനുകാലികങ്ങൾ ഉള്ളടക്കത്തിന്റെ പുതു മകളാലും വൈവിധ്യമാർന്ന അവതരണശൈലിയാലും മതപ്രബോധനത്തേക്കാളുപരിയായ


ISSN: 2582 - 2594

പ്രത്യേകശ്രദ്ധ ആകർഷിച്ചിരുന്നു. കേരളത്തിന്റെ അച്ചടിചരിത്രവും പത്രപ്രവർത്തനചരിത്രവും പരിശോധിക്കുമ്പോൾ മിഷനറിമാരുടെ സംഭാവനകളും വരേണ്യരുടെ ഇടപെടലുകളുമാണ് മുൻനിരയിയിൽ പ്രത്യക്ഷപ്പെടുക. അച്ചടി-പത്രപ്രവർത്തനചരിത്രത്തിൽ ശക്തമായ പ്രാതിനിധ്യം തെളിയിച്ച ദളിത്പത്രപ്രവർത്തകരെ മലയാളത്തിൽ വേണ്ടവിധം പരിഗണിച്ചിരുന്നില്ല.

പത്തൊമ്പതാം നൂറ്റാണ്ടിലെ നവോത്ഥാനശ്രമങ്ങളിൽ പത്രങ്ങളുടെയും മാസികകളുടെയും പങ്ക് വിസ്മരിക്കാനാകാത്തതാണ്. അക്കാലത്ത് പല സാമുദായിക സംഘടനകളുടെയും ഭാഗമായിട്ടായിരുന്നു പത്രമാസികകൾ പ്രത്യക്ഷപ്പെട്ടത്. യോഗക്ഷേമസഭയുടെ 'ഉണ്ണിനമ്പൂതിരി', എസ്.എൻ.ഡി.പി. യുടെ 'വിവേകോദയം', 'മിതവാദി', എൻ.എസ്.എസി.ന്റെ 'സർവീസ്'എന്നിവ ഉദാഹരണങ്ങളാണ്. പലപത്രികകളും സാമുദായിക ഉന്നമനം തന്നെയായിരുന്നു ലക്ഷ്യംവെച്ചിരുന്നത്.

### കീഴാള പത്രപ്രവർത്തനം – പ്രാരംഭം

ദളിത്പത്രപ്രവർത്തനത്തിന്റെ ചരിത്രം തുടങ്ങുന്നത് അയ്യങ്കാളി സ്ഥാപിച്ച 'സാധുജന പരിപാലനസംഘത്തി'ന്റെ മുഖപത്രമായ 'സാധുജനപരിപാലിനി' എന്ന മാസിക ആരംഭിക്കുന്നതോടുകൂടിയാണ്. ഈ മാസിക വളരെക്കുറച്ച് കാലം മാത്രമേ നടത്തിക്കൊണ്ടുപോകാൻ അയ്യങ്കാളിക്ക് സാധിച്ചിരുന്നുള്ളു. സംഘടനയ്ക്ക് അകത്തുള്ള പ്രശ്നങ്ങളും മറ്റ് പ്രതികൂല പരിതസ്ഥിതികൾക്കിടയിലും നിലനിൽക്കാനാകാതെ മാസിക ഇടയ്ക്കുവെച്ച് പ്രവർത്തനം നിലയ്ക്കുകയാണ് ഉണ്ടായത്. തുടർന്ന് 1919ൽ പാമ്പാടി ജോൺ ജോസഫ് 'സാധുജനദൂതൻ' മാസിക ആരംഭിച്ചു. 1921ൽ സ്ഥാപിതമായ ചേരമസഭയുടെ ഭാഗമായി സാധുജനദൂതൻ മാറി. 1923 ൽ സാധുജനദൂതൻ എന്ന പേരിനു പകരം 'ചേരമർദൂതൻ'എന്നാക്കി. 1924 ആകുമ്പോഴേക്കും സ്വന്തമായി ഒരു പ്രസ്സ് വാങ്ങുന്ന തലത്തിലേക്ക് ചേരമ സഭ വിപുലമാവുകയും സഭയുടെ ധനശേഖരണത്തിൽ 'ചേരമദൂതൻ' വലിയ പങ്കുവഹിക്കുകയും ചെയ്തു. ദളിതർ വിദ്യകൊണ്ട് പ്രബുദ്ധരായി മാറിക്കൊണ്ടിരിക്കുന്ന ഒരു സുപ്രധാന ദശാസന്ധി കൂടിയാണ് 'ചേരമദൂതൻ' പോലുള്ള പ്രസിദ്ധീകരണങ്ങൾ പ്രതിനിധാനം ചെയ്യുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിലെ നവോത്ഥാന പ്രവർത്തനങ്ങൾ ദളിതരുടെ പത്രപ്രവർത്തനങ്ങളെ ഉയർത്തിക്കാണിച്ചിരുന്നില്ല. സവർണ്ണാധിപത്യത്തിൽ അധിഷ്ഠിതമായ അച്ചടിമേഖലയ്ക്കുള്ള (അധീശതാൽപര്യങ്ങളെ) ഒരു പ്രഹരമായാണ് പത്രപ്രവർത്തനത്തെ ദളിതർ സമീപിച്ചത്. അതിന് ഉദാഹരണമാണ് തിരുവിതാംകൂറിൽ അടിമവ്യാപാരം നിർത്തിയുള്ള "മാർത്താണ്ഡവർമ്മ തിരുമനസ്സിലെ വിളംബരം" വളരെ ഗൗരവതരമായ ലേഖനമായി തന്നെ 'ചേരമദൂതരി'ൽ പ്രസിദ്ധീകരിച്ചത്. ഈ മാസികയിലൂടെയാണ് ദളിതരെ പുലയർ എന്ന പദത്തിന് ബദലായി ചേരമർ (കേരളത്തിന്റെ മക്കൾ) എന്ന് സംബോധന ചെയ്യണമെന്ന് ശക്തിയുക്തം വാദിച്ചതും.

പാമ്പാടി ജോൺ ജോസഫിന്റെ "സവർണ്ണക്രിസ്ത്യാനികളും അവർണ്ണക്രിസ്ത്യാനികളും" എന്ന ഗ്രന്ഥം സമൂഹത്തിലെ മതഭേദമില്ലാത്ത ജാതിബോധത്തെ വെളിവാക്കി യഥാർത്ഥമായ ദളിത് ജീവിതാവസ്ഥയെ അക്കാലത്ത് അവതരിപ്പിച്ചു. സവർണ്ണശക്തികൾ പാമ്പാടി ജോൺ ജോസഫിന്റെ ഗ്രന്ഥത്തിലെ വസ്തുതകളെ വിവാദമാക്കുകയും പ്രസ്തുത ഗ്രന്ഥത്തിനെതിരെ കേസ് കൊടുക്കുകയും ചെയ്തു. താമസിയാതെ അദ്ദേഹത്തിന് സവർണരുടെ പ്രതിഷേധങ്ങളെ പ്രതി

രോധിക്കാൻ കഴിയാതെവന്നപ്പോൾ പ്രസ്സ് വിറ്റ് 'ചേരമദൂതർ' നിർത്തലാക്കേണ്ടിവന്നു. കേരള സമൂഹത്തിന്റെ പരിവർത്തനദശയിൽ കൃത്യമായ ദളിത് അവബോധം നൽകിയ 'ചേരമദൂതർ' പോലുള്ള പ്രസിദ്ധീകരണങ്ങളെപ്പറ്റി വിശാലമായി പഠിക്കേണ്ടതുണ്ട്.

## പ്രധാന ദളിത് പ്രസിദ്ധീകരണങ്ങൾ

'ചേരമദൂതന്റെ'യും 'സാധുജനപരിപാലിനി'യുടെയും ചുവടുപിടിച്ചുകൊണ്ട് അനവധി പ്രസിദ്ധീകരണങ്ങൾ കേരളത്തിൽ ഉണ്ടായി. അധികമൊന്നും ശ്രദ്ധിക്കപ്പെടാതെ, അംഗീകരിക്കപ്പെടാതെ സാമുദായിക വിമർശനങ്ങളെ പ്രതിരോധിക്കാനാകാതെ നിലച്ചുപോയ പല ദളിത് പ്രസിദ്ധീകരണങ്ങളും ഈ കൂട്ടത്തിൽ ഉണ്ട്. സാധുജനപരിപാലിനിയ്ക്ക് മുമ്പ് അച്ചടിയിൽ ദളിത് സാന്നിധ്യം അറിയിച്ച മാസികയാണ് 'മലയാളമിത്രം'. 1892 ൽ രണ്ടാം വാല്യം പുറത്ത് ഇറങ്ങിയതിനുശേഷം ഈ മാസിക ആരും പുനഃപ്രസിദ്ധീകരിച്ചിട്ടില്ല. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കോട്ടയത്ത് വച്ച് ചാത്തൻ യോഹന്നാൻ "തെന്നിന്ത്യൻ സുവിശേഷ സംഘത്തിന്റെ പാട്ടുപുസ്തകം" എന്ന ഗ്രന്ഥം അച്ചടിച്ചു. ഒരു ദളിതൻ ആദ്യമായി പ്രസാധനം ചെയ്ത പുസ്തകമാണ്. 1913 ൽ ചങ്ങനാശ്ശേരിയിൽനിന്നും അയ്യങ്കാളി സാധുജന പരിപാലിനി ആരംഭിച്ചതിൽ നിന്നാണ് ഇന്ന് നാം പഠിക്കുന്ന തരത്തിലുള്ള ദളിത് അച്ചടിയുടെ ചരിത്രം ആവിർഭവിച്ചത്. ആദ്യത്തെ ദളിത് മാസിക എന്നറിയപ്പെടുന്ന സാധുജന പരിപാലിനിയിൽ പോലും പ്രവർത്തിച്ചിരുന്നത് ഭൂരിഭാഗവും സവർണ്ണപ്രമുഖ (ചങ്ങനാശ്ശേരിപരമേശ്വരപിള്ള) ന്മാരായിരുന്നു. തൊള്ളായിരത്തി മുപ്പതുകളോടുകൂടി സ്വതന്ത്ര ദളിത് പ്രസിദ്ധീകരണങ്ങൾ മലയാളത്തിലേക്ക് കടന്നുവരാൻ തുടങ്ങി. 1936 കൊച്ചിയിൽ നിന്നും കെ.പി. വള്ളോൻ 'ധർമ്മ കാഹളം' പ്രസ്സിൽ നിന്ന് അധഃകൃതൻ എന്നപേരിൽ മാസിക ആരംഭിച്ചു. 1937 ൽ അധഃകൃതൻ എന്ന നാമത്തിനു ബദലായി ഹരിജൻ എന്ന് പുനഃനാമകരണം ചെയ്തു. കോട്ടയത്തു നിന്നും കവിയൂർ കെ. സി. തോമസ് പ്രസാധനം ചെയ്ത വാരികയാണ് പ്രബോധിനി. ക്രിസ്ത്യാനികൾക്കിടയിലെ ജാതിചിന്തകളെ വിമർശിച്ചു എന്ന ഒറ്റ കാരണത്താൽ 1949 ൽ പ്രബോധിനി നിർത്തലാക്കേണ്ടിവന്നു. കെ.സി. തോമസ് പല പ്രതിബന്ധങ്ങളെയും തരണംചെയ്ത് പ്രബോധിനിക്കു സമാനമായി 'ധർമ്മഭടൻ' എന്ന ആനുകാലികം ആരംഭിച്ചുവെങ്കിലും അധികകാലം ഈ പ്രസിദ്ധീകരണവുമായി മുന്നോട്ടുകൊണ്ടു പോവാൻ അദ്ദേഹത്തിനു സാധിച്ചില്ല.

ടി. ടി. കേശവശാസ്ത്രിയുടെ 'കാര്യദർശി'യും കൊട്ടിയം കൃഷ്ണന്റെ 'ഹരിജൻ മിത്ര'വും ചാത്തന്നൂർ ചിന്താമണിയുടെ 'ജലധാര'യും സമൂഹത്തിലെ അധീശശക്തികളെ നിശിതമായി ചോദ്യം ചെയ്ത ദളിത് ആനുകാലികങ്ങളായിരുന്നു. 1950 ൽ നെടുങ്കുന്നത്തുനിന്നും പ്രസിദ്ധീകരിച്ച 'ജയകേരളം', കോട്ടയത്തുനിന്ന് 1958ൽ പി. ചാക്കോ ആരംഭിച്ച 'കർമ്മവീരൻ', 1962 ൽ തിരുവനന്തപുരത്തു നിന്നും എസ്. രാജരത്നത്തിന്റെ മേൽനോട്ടത്തിൽ വന്ന 'ജനനി', രാജൻ മാവേലിക്കരയുടെ 'ജനസന്ദേശം (1966)', എം. ഡി. ഫിലിപ്പിന്റെ 'ഉദയകിരണം (1973)', എലിസബത്ത് ജോണിന്റെ 'പ്രകാശഗോളം', സ്റ്റീഫൻ തിരുമേനിയുടെ 'നവനാദം (1967)', സ്റ്റീഫൻ വട്ടപ്പാറയുടെ 'ദൈവമക്കൾ (1973)', ചെമ്പുതുറപാപ്പന്റെ 'ദ്രാവിഡമിത്രം', ടി. കൃഷ്ണന്റെ 'ഹരിജൻ', പി. ദേവകുമാറിന്റെ 'നവദീപം', ജോസഫിന്റെ 'വിമർശകൻ', കൊല്ലംകേശവന്റെ 'ഹരിജനധ്വനി' എന്നിവ മലയാളത്തിലെ മറ്റ് പ്രധാനപ്പെട്ട ദളിത് പ്രസിദ്ധീകരണങ്ങളാണ്.


ISSN: 2582 - 2594

1963 മുതൽ പി.ആർ.ഡി.എസുകാരുടെ പ്രസിദ്ധീകരണമായ 'ആദിയാർദ്വീപ്'വും 'കേരളമക്കൾ' എന്ന മാസികയും ഇന്നും നിലനിൽക്കുന്നുണ്ട്.

### കീഴാള ജ്ഞാനനിർമ്മിതിയുടെ വർത്തമാനം

ദളിത് ജ്ഞാനനിർമ്മിതിയിൽ അച്ചടി സുപ്രധാനമായ ഒരു സ്ഥാനം വഹിച്ചിട്ടുണ്ടെന്നത് സുവ്യക്തമാണ്. സാമ്പത്തികമായും സാമൂഹികമായും അനവധി പ്രതിസന്ധികളെ പ്രതിരോധിച്ചു കൊണ്ടുതന്നെയാണ് ദളിതർ തങ്ങളുടെ പ്രാതിനിധ്യം അറിയിച്ചത്. നവമാധ്യമങ്ങളുടെ കുത്തൊഴുക്കിനിടയിലും ദളിത് രചനകളുടെ പ്രസാദനത്തിനായി മാത്രം നിലകൊള്ളുന്ന "ഇടനേരം ബ്ലോഗ്'", " 'ഉത്തരകാലം വെബ്പോർട്ടൽ "മുതലായവയുടെ പ്രവർത്തനങ്ങളെയും നാം പരിഗണിക്കേണ്ടതായുണ്ട്. ഭൂതകാലത്തിന്റെ ചരിത്രം എന്ന പോലെ വർത്തമാനകാലത്തെ അവയുടെ പ്രവർത്തനങ്ങളെയും പഠനവിധേയമാക്കേണ്ടത് അനിവാര്യമാണ്.

### ഗ്രന്ഥസൂചി


1. കുഞ്ഞികൃഷ്ണൻ, കെ. ശിവശങ്കരൻ, എം. കെ., പ്രിയദർശൻ, ജി, രാജശേഖരൻ തോട്ടം, നല്ലെപ്പറമ്പിൽ ആൻറണി, മാധ്യമങ്ങളും മലയാളസാഹിത്യവും, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000
2. ഒളവണ്ണ നിസ്സാർ, പത്രപ്രവർത്തനം, ലിപി പബ്ലിക്കേഷൻസ്, 2016
3. പ്രിയദർശനൻ ജി, മലയാള പത്രപ്രവർത്തനം പ്രാരംഭസ്വരൂപം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ,
4. വർമ്മ ദിനേശ്, പത്രപ്രവർത്തനം വഴിയും വസ്തുതയും, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2011
5. ഡോ. മോഹൻദാസ്, വള്ളിക്കാവ് പത്രപ്രവർത്തനം, ചിന്തപബ്ലിക്കേഷൻസ്, തിരുവനന്തപുരം

# പെണ്ണെഴുത്തിന്റെ നിറച്ചാർത്തുകൾ ഗ്രേസി, ഗീതാഹിരണ്യൻ, അഷിത എന്നിവരുടെ കഥാപഠനങ്ങൾ

**ഡോ. മിജോയ് ജോസ്**
അസോ. പ്രൊഫസർ
മലയാള വിഭാഗം
സെന്റ് തോമസ് കോളെജ് (ഓട്ടോണമസ്), തൃശ്ശൂർ
Email: mejoyjose@gmail.com

**സംഗ്രഹം**

കാലങ്ങളായി നിലനിന്നുപോന്ന സ്ത്രീസങ്കല്പങ്ങളെ പൊളിച്ചെഴുതാനുള്ള ശ്രമമാണ് ഗ്രേസിയും ഗീതാഹിരണ്യനും അഷിതയും കഥകളിലൂടെ നിർവ്വഹിച്ചത്. മനുഷ്യസംസ്കാരത്തിന്റെ ആരംഭകാലം മുതൽ നിലനിന്നിരുന്ന സ്ത്രീപുരുഷ അസമത്വത്തിന്റെ പിൻതുടർച്ച വർത്തമാനകാലത്തും നമുക്കു വായിച്ചെടുക്കാൻ സാധിക്കുന്നു. അതിനെതിരെ പ്രതികരിക്കേണ്ടതും ശബ്ദമുയർത്തേണ്ടതും എഴുത്തിലൂടെയാണെന്നുള്ള ബോധ്യം ഈ കഥാകാരികൾക്കുണ്ട്. അതുകൊണ്ടാണ് അവർ നേരിട്ട് കണ്ട് അനുഭവിച്ച സ്ത്രീജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളെ വിവിധ കഥാപരിസരങ്ങളിലൂടെ അടയാളപ്പെടുത്താൻ ശ്രമിക്കുന്നത്. സാങ്കേതിക ധാരണകളുടെ കെട്ടുപാടുകളിൽ നിന്ന് മോചനം നേടിയതാണ് ഗീതാഹിരണ്യന്റെ കഥകൾ. സ്ത്രീകൾക്കൊന്നും അറിയാനോ മനസ്സിലാക്കാനോ ശേഷിയില്ലെന്ന പുരുഷഭാവത്തെ കീറിമുറിക്കുന്ന തരത്തിലാണ് ഗ്രേസി കഥകൾ അവതരിപ്പിക്കുന്നത്. അസാധാരണമായ മൗനവും ഒറ്റയ്ക്കാവുന്ന കൗതുകവും ഉള്ള സ്ത്രീകളെ അഷിത എഴുതിവെക്കുന്നു.

**താക്കോൽ വാക്കുകൾ:** ബിംബാത്മകത, മനഃശാസ്ത്രപരം, പെണ്ണിടങ്ങൾ, സ്ത്രീ സങ്കല്പം, ധന്വന്തരി, ഡബിൾ റോൾ


ISSN: 2582 - 2594

**ആമുഖം**

കഥാകാരികളായ ഗ്രേസി, ഗീതാഹിരണ്യൻ, അഷിത തുടങ്ങിയവർ മൂന്നു രീതികളിലാണ് സ്ത്രീപക്ഷ രചനകൾ നിർവ്വഹിച്ചിരിക്കുന്നത്. ഗ്രേസി കുറെയൊക്കെ ബിംബാത്മകമായും ധ്വനിപ്പിച്ചും മനഃശാസ്ത്രപരമായും സ്ത്രീ ജീവിതത്തെ പകർത്തുമ്പോൾ ഗീതാഹിരണ്യൻ വളരെ പ്രത്യക്ഷമായി സ്ത്രീ ജീവിതത്തിന്റെ സമസ്തമേഖലകളെയും കഥകളിലൂടെ സ്പർശിക്കുന്നു. എന്നാൽ അഷിത സൂക്ഷ്മ നിരീക്ഷണത്തേക്കാൾ സ്ഥൂലമായാണ് പെണ്ണിടങ്ങളിലൂടെ സഞ്ചരിക്കുന്നത്. അസാധാരണമായ മൗനവും ഒറ്റക്കാവുന്ന കൗതുകവും ഉള്ള സ്ത്രീകളെ അഷിത എഴുതിവെയ്ക്കുന്നു. പറയുന്നത് കൃത്യമായിരിക്കണം. ഉണ്മയായിരിക്കണം, കുറച്ചായിരിക്കണം അതിനു കഴിയില്ലെങ്കിൽ മിണ്ടാതിരിക്കണം. ലോകത്തോട് ഇണങ്ങാൻ കഴിയാത്തതുകൊണ്ടല്ല, ഞാനെഴുതുന്നത്. ഈശ്വരനോട് ഇണങ്ങുന്നതുകൊണ്ടാണ്. എന്റെ പ്രതിബദ്ധത എന്നോടാണ്. എന്നോട് പ്രതിബദ്ധയായിരിക്കുമ്പോൾ ഞാൻ സമസ്തലോകങ്ങളോടും പ്രതിബദ്ധത പുലർത്തുന്നു. ഈ വാചകങ്ങൾ അഷിത സ്വന്ത കഥകളുടെ ആമുഖത്തിൽ എഴുതിവെച്ചതാണ്. സ്ത്രീജീവിതത്തെ വേറിട്ട കാഴ്ചപ്പാടിലൂടെ അവതരിപ്പിക്കാൻ ശ്രമിക്കുകയാണ് ഗ്രേസി എന്ന എഴുത്തുകാരി. ഓരോ കഥയും വായനക്കാരിൽ ചിന്തയുടെ വാതായനങ്ങൾ തുറക്കുകയും അത് മനസ്സിൽ കിടന്ന് നീറിപ്പുകയുകയും ചെയ്യുന്നു. സ്ത്രീകൾക്കൊന്നും അറിയാനോ മനസിലാക്കാനോ ശേഷിയില്ലെന്ന പുരുഷഭാവത്തെ കീറിമുറിക്കുന്ന തരത്തിലാണ് ഗ്രേസി കഥകൾ അവതരിപ്പിക്കുന്നത്. ഗീതാഹിരണ്യന്റെ കഥാപാത്രങ്ങൾ വ്യത്യസ്ത സാഹചര്യങ്ങളെ അഭിമുഖീകരിക്കുന്നവരും, ഓരോ കഥാപരിസരവും വേറിട്ട് നിൽക്കുന്നതുമാണ്. കഥക്കുവേണ്ടി കൃത്രിമമായി ഉണ്ടാക്കിയ ഒരു സാഹചര്യവും പ്രകടമാക്കാതെ സൂക്ഷ്മനിരീക്ഷണങ്ങളിലൂടെ മനസ്സിലാക്കിയ, അതേസമയം കാലാകാലങ്ങളായി നിലനിൽക്കുന്ന സാങ്കേതിക ധാരണകളുടെ കെട്ടുപാടുകളിൽ നിന്ന് മോചനം നേടിയതാണ് ഗീതാഹിരണ്യന്റെ കഥകൾ. ഈ മൂന്നുപേരുടേയും കഥകളിലൂടെയുള്ള യാത്രയാണ് ഈ പ്രബന്ധത്തിൽ ഉദ്ദേശിക്കുന്നത്.

**ഭാര്യമാരുടെ ദുഃഖങ്ങൾ**

അഷിതയുടെ 'ഒരു സ്ത്രീയും പറയാത്തത്' എന്ന കഥയിൽ സൗമിനി ടീച്ചറേയും കുടുംബത്തേയും പരിചയപ്പെടുത്തുകയാണ്. ഉച്ചക്ക് സ്കൂളിൽനിന്ന് അവധിയെടുത്ത് ഇറങ്ങുമ്പോൾ സൗമിനി ടീച്ചറുടെ മനസിൽ ഭർത്താവിന്റെ സുഹൃത്തിനൊരുക്കേണ്ട വിഭവങ്ങളാണ്. കൈയിലാണെങ്കിൽ വാങ്ങേണ്ട പലവ്യഞ്ജനങ്ങളുടെ ലിസ്റ്റ്, മനസ്സ് നിറയെ പിറ്റേ ദിവസത്തെ മകളുടെ പരീക്ഷയെപ്പറ്റിയുള്ള ചിന്തകൾ, കറന്റ് ബില്ലടക്കേണ്ട ദിവസമായിരിക്കുന്നു ഇങ്ങനെയുള്ള ചിന്തകൾക്കിടയിലാണ് അടുത്ത് കൊണ്ടുവന്നു നിറുത്തിയ കാറിലെ ചെറുപ്പക്കാരന്റെ കൂടെ വരുന്നോടി എന്ന ചോദ്യവും കൂടെയുള്ളവരുടെ ആർപ്പുവിളിയും ചിരിയും. സൗമിനി ടീച്ചർ ആകെ വിയർത്ത് കരഞ്ഞുപോയി. ഒരു സ്ത്രീയുടെ വേദനകൾ. തന്നെ കണ്ടാൽ അത്തരത്തിലൊരു പെണ്ണാണെന്ന് തോന്നുമോ എന്ന ചിന്ത ടീച്ചറെ വല്ലാതെ അലട്ടി. ഭർത്താവിനും സുഹൃത്തിനും വിഭവങ്ങൾ ഒരുക്കുമ്പോഴും ആറുമണിയായിട്ടും മടങ്ങിവരാത്ത മകളെക്കുറിച്ചുള്ള ചിന്തകളായിരുന്നു. ടീപോയിലെ പത്രത്തിലെ ബലാത്സംഗ വാർത്തകൾ കൂടി വായിച്ചപ്പോൾ മകൾ തിരിച്ചുവരാത്തതിന്റെ വേവലാതികൾ കൂടി. അപ്പോഴും അതൊന്നും വകവെക്കാതെ

ഭർത്താവും സുഹൃത്തും മദ്യപിച്ചുകൊണ്ടിരിക്കയാണ്. സ്ത്രീകളുടെ ജീവിതത്തെ ഓർത്ത്, അവർ അനുഭവിക്കേണ്ട അവസ്ഥകളെ ഓർത്ത് നീറിപ്പുകയുന്ന സൗമിനിടീച്ചറെയാണ് അഷിത പറഞ്ഞുവെക്കുന്നത്.

ഇതിനോടു സാമ്യമുള്ള രചനയാണ് ഗീതാഹിരണ്യന്റെ 'ശ്രീ ഭഗവതി' എന്ന കഥ. പനിയായി വിറച്ച മിണ്ടാൻ പറ്റാതായ കൊച്ചിനെ പൊതുപ്രവർത്തകനായ ഭർത്താവ് വന്നിട്ട് വേണം ഡോക്ടറെ കാണിക്കാൻ എന്ന് വിചാരിച്ചിരിക്കുന്ന ഭാര്യ. രണ്ട് ദിവസം മുമ്പേ എത്താമെന്ന് പറഞ്ഞിരുന്ന ഭർത്താവ് വന്നപ്പോൾ ചോദിച്ചത് കൊച്ചമ്മയെക്കൂട്ടി കൊച്ചിനെ ഡോക്ടറെ കാണിക്കാൻ പോകാമായിരുന്നില്ലെ എന്നാണ്. കൊഞ്ചിക്കാനോ താലോലിക്കാനോ അറിയാത്ത അച്ഛനായതിനാൽ മകളെ അവൾ അയാളെ ഏൽപ്പിക്കാൻ കൂട്ടാക്കിയില്ല. പൊതുപ്രവർത്തകനായതുകൊണ്ട് വീട്ടിലെത്തിയിട്ടും ഫോൺകോളുകളുടെ ബഹളം. നാടൊട്ടുക്ക് പെങ്ങന്മാരും നാത്തൂന്മാരുമല്ലെ എന്ന ഭാര്യയുടെ ചോദ്യത്തെ കുറ്റപ്പെടുത്താനാകില്ല. ശ്രീ ഭഗവതിയുടെ കഥ പറഞ്ഞ് കുട്ടിയെ ഉറക്കി ഭാര്യ ഭർത്താവിന്റെ രുചിക്കൊത്ത ഭക്ഷണം പാകംചെയ്യുന്ന തിരക്കിലായി. കുടുംബഭാരങ്ങളുടെ ഭാരം പേറി ജീവിക്കുന്ന ഭാര്യയെ സഹായിക്കുന്നതോ പോകട്ടെ ആശ്വസിപ്പിക്കാൻ പോലുമറിയാത്ത ഭർത്താക്കന്മാരെ പേറി ജീവിക്കേണ്ടിവരുന്ന സ്ത്രീകളുടെ അവസ്ഥ മഹാ കഷ്ടമാണ് എന്ന് ഈ കഥ ഓർമ്മപ്പെടുത്തുന്നു.

ഗ്രേസിയുടെ 'ഭിന്നസംഖ്യ' എന്ന കഥയും ഇതിനു സമാനമായ കഥയാണ്. ഭാര്യയും ഭർത്താവും ഉദ്യോഗസ്ഥരാണ്. കടുത്ത പനിയുമായി ഓഫീസിൽ നിന്ന് വന്ന ഭാര്യ, വീട്ടിൽ ചുരുണ്ടുകൂടി കിടക്കുന്നു. ഭർത്താവ് ജോലി കഴിഞ്ഞ് വന്നപ്പോൾ ഭാര്യ അദ്ദേഹത്തോട് ചായ ഉണ്ടാക്കിക്കൊടുക്കാൻ പറഞ്ഞു. മനമില്ലാ മനസ്സോടെ ഭർത്താവ് ഉണ്ടാക്കിക്കൊടുത്ത ചായ ക്ഷായം കഴിച്ചപ്പോൾ ഭാര്യക്ക് ഓക്കാനം വന്നു. ഭാര്യയുടെ ദയനീയാവസ്ഥ ശ്രദ്ധിക്കാതെ ഭർത്താവ് പത്രവായനയിൽ മുഴുകി. സന്ധ്യയായപ്പോൾ ഭാര്യ വേച്ചുവേച്ച് എഴുന്നേറ്റ് ചില വിഭവങ്ങളുണ്ടാക്കി മേശപ്പുറത്ത് വിളമ്പി. ലീവെടുത്ത് ഓഫീസ് ജോലിയിൽ നിന്ന് മോചനം നേടിയാലും വീട്ടുപണിയിൽനിന്ന് സ്ത്രീക്ക് മോചനമില്ല. മകളെ പഠിപ്പിക്കുന്നതും അച്ഛന്റെ ജോലിയല്ല. ഭാര്യ ഭ്രാന്തിയെപ്പോലെ മുറിക്കകത്ത് കടന്ന് വാതിലടച്ച് സാരിത്തുമ്പിൽ ജീവനൊടുക്കുമ്പോൾ അവൾ ജനവാതിലിലൂടെ എത്തിനോക്കുന്ന ഭർത്താവിനോടും നേരത്തെ സംശയം ചോദിച്ച മകളോടുമായി പറയുന്നുണ്ട്, ഇതാണ് ഫ്രാക്ഷന്റെ അഡീഷൻ. ഭാര്യയുടെ വേദനകൾ തിരിച്ചറിയാൻപോലും കഴിയാത്ത ഭർത്താവ് അവൾ ആത്മഹത്യക്ക് ശ്രമിക്കുമ്പോൾ ആശ്ചര്യപ്പെടുകയല്ലാതെ സമയബന്ധിതമായി ഇടപെടാൻ പോലും ശ്രമിക്കുന്നില്ല.

**കുടുംബജീവിതത്തിലെ പൊരുത്തക്കേടുകൾ**

അഷിതയുടെ 'മണ്ണാങ്കട്ടയും കരിയിലയും' എന്ന കഥ ഭാര്യാഭർത്താക്കന്മാരുടെ പൊരുത്തക്കേടുകളിലേക്ക് വിരൽചൂണ്ടുന്നു. സായാഹ്നങ്ങളിൽ പത്രത്തിന്റെ താളുകളിൽ മുഖം മറക്കുന്ന ഭാര്യയും ഭർത്താവും പത്രവായന കഴിഞ്ഞാൽ മാസികകളിൽ അഭയം തേടുന്നു. അവർക്ക് അധികമൊന്നും സംസാരിക്കാനില്ല. ഭർത്താവ് ഭാര്യക്ക് മുഖം കൊടുക്കാതിരിക്കാൻ പരമാവധി ശ്രമിക്കുന്നു. ഭാര്യക്കാണെങ്കിൽ താൻ ഭർത്താവിനു ചേർന്ന ഭാര്യയല്ലെന്ന് തോന്നിത്തുടങ്ങിയിരിക്കുന്നു. വിവാഹം ആലോചിച്ചപ്പോൾ തനിക്ക് ഏറ്റവും ചേർന്ന പുരുഷനായിട്ടാണ് ഭാര്യക്ക്

 ISSN: 2582 - 2594

തോന്നിയത്. വിവാഹശേഷം കുറേനാൾ അങ്ങനെയൊക്കെയായിരുന്നു പിന്നെ പിന്നെ എല്ലാ പൊരുത്തവും പിണക്കങ്ങളായി.

ഗീതാഹിരണ്യന്റെ 'കവിതയും ജീവിതവും ഒരുപന്യാസത്തിനപ്പുറം' എന്ന കഥയും കുടുംബജീവിതത്തിലെ പൊരുത്തക്കേടുകളാണ് കാണിക്കുന്നത്. പ്രണയിച്ചാണ് വിവാഹമെങ്കിലും ഭർത്താവിന് പ്രിയം കവിതയും സാഹിത്യവുമായി നടക്കുന്ന മറ്റു പല സ്ത്രീകളോടുമാണ്. ആളുകൂടുന്നേടം ലളിതക്ക് അപ്രിയമാണ്. അവിടെ അവൾ ഏകാകി, ഭ്രമിയെപ്പോലെ തനിച്ചായവൾ, ഉണ്ണ്യേട്ടന്റെ ഭാര്യ മെന്റലി ഇംബാലൻസ്ഡാണെന്ന മറ്റുള്ളവരുടെ അടക്കം പറച്ചിൽ. ഇതെല്ലാം കാണുമ്പോഴും കേൾക്കുമ്പോഴും മറ്റു സ്ത്രീകളോടുള്ള ഉണ്ണ്യേട്ടന്റെ അടുപ്പം കാണുമ്പോഴും പതിനാലുകൊല്ലം മുമ്പ് ചത്തുപോയ പ്രേമം ഇപ്പോൾ മറ്റൊരുവളോട് കാണിക്കയാണോ എന്ന് ലളിത സംശയിക്കുമ്പോൾ അവളെ കുറ്റപ്പെടുത്താനാകില്ല. വാനയക്കാർക്ക് അവസാനം ലളിതയോടൊപ്പം കരയാനെ സാധിക്കൂ.

**പ്രണയത്തിന്റെ ബാധ്യതകൾ**

ഗ്രേസിയുടെ 'ഒരു പൈങ്കിളിക്കഥയുടെ അന്ത്യം' എന്ന കഥ പ്രണയത്തിൽ ഒളിഞ്ഞിരിക്കുന്ന ബാധ്യതകളും ബോധ്യങ്ങളും ഓർമ്മപ്പെടുത്തുന്നു. ഇരുപത്തിനാല് വയസ്സുള്ള ആൽബർട്ടും വനജയും ഒരുമിച്ച് പഠിച്ചവരാണ്. വളരെ പ്രതീക്ഷയോടെയാണ് അവർ രജിസ്റ്റർ മാര്യേജ് ചെയ്ത് റെയിൽവേ സ്റ്റേഷനടുത്തുള്ള ഒരു കൊച്ചുവാടക വീട്ടിൽ താമസമാക്കിയത്. അവരുടെ ജീവിതത്തിൽ ഒരതിഥിയായി കുഞ്ഞ് കടന്നുവന്നതോടെ അവളെ എങ്ങനെ വളർത്തും എന്ന ചിന്ത അവളുടെ മനോനില തെറ്റിച്ചു. ആൽബർട്ട് ജോലിക്കുപോയാൽ അവൾ കുഞ്ഞിനെ ഉറക്കി വാതിൽപൂട്ടി ഇറങ്ങി ജോലിക്കു പോകയാണെന്ന ധാരണയിൽ തീവണ്ടി കയറിപ്പോകും. പ്രണയം പോലെ സുന്ദരമല്ല ജീവിതം എന്ന് ഈ കഥ ഓർമ്മിപ്പിക്കുന്നു. അഷിതയുടെ 'എന്നിട്ടോ?' എന്ന കഥയും പ്രണയം മനോഹരമാണെന്ന് തോന്നാമെങ്കിലും ജീവിതത്തിന്റെ ഉത്തരവാദിത്തങ്ങൾ ഓർമ്മപ്പെടുത്തുന്നതാണ്. പ്രണയിച്ച് വീട്ടുകാരറിയാതെ ഇറങ്ങിപ്പോന്ന കീർത്തിയും സതീശനും. അവർ താത്ക്കാലികമായി അഭയം തേടിയിരിക്കുന്നത് പ്രീഡിഗ്രിക്ക് പഠിക്കുമ്പോഴെ പ്രണയിച്ച് വിവാഹംകഴിച്ച ചേച്ചിയുടെ വീട്ടിൽ, രജിസ്ട്രേഷന്റെ കാര്യങ്ങളും, വാടകവീടിന്റെ ഒരുക്കങ്ങളും ശരിയാക്കി കൂട്ടുകാർ പുറത്ത് ടാക്സിയുമായി കാത്തുനിൽക്കുന്നു. പക്ഷേ പുതിയ സാഹചര്യങ്ങളെ ഉൾക്കൊള്ളാൻ കീർത്തിക്കാകുന്നില്ല. സതീശൻ മുമ്പ് പറഞ്ഞ കാര്യങ്ങളെല്ലാം ഓർമ്മപ്പെടുത്തുന്നുണ്ടെങ്കിലും നനഞ്ഞൊഴുകുന്ന കണ്ണുകളോടെ ചുമരിൽ ചാരി നിൽക്കുന്ന കീർത്തി. രജിസ്ട്രേഷൻ ഓഫീസിൽ സാക്ഷികളായി എത്താമെന്ന് പറഞ്ഞവരെല്ലാം അവിടെ കാത്തുനിൽക്കുന്നു. ജീവിതത്തിന്റെ മറ്റൊരു ഘട്ടത്തെ ഉൾക്കൊള്ളാൻ കീർത്തിക്കാകുന്നില്ല.

**ജോലിക്കാരായ സ്ത്രീകൾ**

അഷിതയുടെ 'അധ്യാരോപങ്ങൾ' എന്ന കഥ ജോലിക്കാരായ സ്ത്രീകളുടെ വിഷമതകളിലേക്ക് വായനക്കാരെ കൊണ്ടുപോകുന്നു. ജോലിസ്ഥലത്തെ അവസാന ഡ്യൂട്ടിയും കഴിഞ്ഞ് ഇറങ്ങാൻ തിരക്കടിക്കുന്ന ജോലിക്കാരി. അവളെ കാത്തിരിക്കുന്ന മൂന്നുവയസ്സുകാരി മകൾ. തിരക്കിട്ട യാത്രക്കിടയിൽ അവൾക്ക് തോന്നുകയാണ് എല്ലാ ഉദ്യോഗസ്ഥകളും ഒരു രാജിക്ക

ത്ത് സദാ ഉള്ളിൽ കൊണ്ടുനടക്കുന്നുണ്ടാകും എന്ന്. എങ്ങനെയെങ്കിലും വീട്ടിൽ എത്തണം എന്ന് വിചാരിച്ചപ്പോഴാണ് റോഡിൽ ബ്ലോക്ക്. ഒരു ബൈക്കും ഓട്ടോയും കൂട്ടിയിടിച്ച് ബൈക്ക് യാത്രക്കാരൻ മരിച്ചു. ഓട്ടോ ഡ്രൈവർ സ്കൂളിൽ കാത്തുനിൽക്കുന്ന അമ്മയില്ലാത്ത തന്റെ കുഞ്ഞിനെ വീട്ടിലാക്കിയിട്ട് സ്റ്റേഷനിൽ വരാമെന്ന് പറഞ്ഞിട്ടും പോലീസ് സമ്മതിക്കുന്നില്ല. അവളുടെ മനസിലേക്ക് മകളെക്കുറിച്ചുള്ള ഓർമ്മകളോടൊപ്പം, ആ ഓട്ടോക്കാരന്റെ മകളുടെ മുഖവും ഓടിയെത്തുന്നു. ഗീതാഹിരണ്യന്റെ 'വൈറ്റ് ഹൗസ്' എന്ന കഥയും ജോലിക്കാരായ സ്ത്രീകളുടെ പ്രശ്നങ്ങളാണ് കഥാവിഷയമായി തെരഞ്ഞെടുത്തിരിക്കുന്നത്. വീട്ടുജോലികളെല്ലാം തീർത്ത്, യാത്രയുടെ ദുരനുഭവങ്ങളെല്ലാം പേറി ഓഫീസിലെത്തുമ്പോൾ എങ്ങാനും വൈകിപ്പോയാൽ കേൾക്കേണ്ടിവരുന്ന പഴികൾ. തലേദിവസം അമ്മച്ചിക്ക് പത്രം വായിച്ച്കൊടുത്ത് വാർത്തകൾ ആസ്വദിക്കുന്നത് ആനിക്ക് ഓർമ്മവരുന്നു. അമേരിക്കൻ പ്രസിഡന്റിന്റെ അവിഹിതബന്ധത്തിന്റെ വാർത്ത വായിച്ചപ്പോൾ 'വായിക്കടീ' എന്നു പറഞ്ഞ് പ്രോത്സാഹിപ്പിക്കുന്ന അമ്മായിയമ്മ. ട്രെയിനിറങ്ങി ഓട്ടോ പിടിച്ച് ഓഫീസിൽ എത്തുമ്പോൾ ഇന്ത്യ മഹാരാജ്യത്തിന്റെ ആധാരംപോലെ പൂട്ടിവെച്ചിരിക്കുന്ന ഹാജർബുക്ക്. നിർമ്മല ആനിയുടെ വീട്ടുപണിക്കായി ചെപ്പിനുള്ളിലാക്കി നൽകിയ ആഭരണങ്ങളുടെ തിളക്കം. അങ്ങനെ സ്ത്രീകൾ ജോലിയിൽ അഭിമുഖീകരിക്കേണ്ട വിവിധ അവസ്ഥകളെ ഈ കഥ ഓർമ്മപ്പെടുത്തുന്നു.

### സ്ത്രീയുടെ ആഗ്രഹങ്ങൾ

ലൈംഗികത കേന്ദ്ര പ്രമേയമാക്കി എഴുതപ്പെട്ട കഥയാണ് ഗീതാഹിരണ്യന്റെ 'ഘരെ - ബായ്രെ'. വീട്ടിലും പുറത്തും ഒരു വീട്ടമ്മയുടെ സ്വകാര്യലോകം വളരെ സുതാര്യമായി കാണിച്ചു തരുന്ന കഥയാണിത്. മൃദുലവികാര ഭൂമികകൾ പരിചയമില്ലാത്ത എഞ്ചിനീയറായ ഭർത്താവ്. താൻ കടന്നുചെന്നിട്ടില്ലാത്ത അപരിചിത ഭൂമികൾ ഭാര്യയുടെ മനസ്സിനുണ്ടെന്നും തനിക്ക് ആവശ്യമില്ലാത്തപ്പോഴും അവൾക്ക് ഒരു ശരീരവും അതിനുള്ളിൽ സ്നേഹവും, ലാളനയും കൊതിക്കുന്ന ഒരു ഹൃദയമുണ്ടെന്നും ഭർത്താവിനറിയില്ല. മകൻ അമ്മയെ കെട്ടിപ്പിടിക്കുമ്പോൾ ബ്രൂട്ട് പെർഫ്യൂമിന്റേയും ആഫ്റ്റർ ഷേവ് ലോഷന്റെയും ചർമ്മത്തിനുമേൽ പറ്റിപ്പിടിച്ചിരിക്കുന്ന ഗന്ധം അവനു തിരിച്ചറിയാനാകുമോ എന്നവൾ ഭയപ്പെടുന്നു. അമ്മ തന്നെ കൂട്ടാതെ കളവ് പറഞ്ഞ് വിരുന്നുപോയതിന്റെ ഈർഷ്യ മകനിൽ നിലനിൽക്കുന്നു. ഉച്ചനേരങ്ങളിൽ അയാളുടെ വർത്തമാനങ്ങൾ ഫോണിൽ കേട്ട് കുലുങ്ങിച്ചിരിക്കുമ്പോൾ അകത്തെ മുറിയിൽ സ്വാധീനമില്ലാത്ത കാലുമായി കിടക്കുന്ന ഭർത്താവിന്റെ അമ്മ പിറുപിറുക്കുന്നു. എന്നാൽ ശരീരങ്ങൾ ബന്ധപ്പെട്ടു കഴിഞ്ഞാൽ ഉടൻ അസ്തമിക്കുന്ന സ്നേഹത്തിന്റെ കതിരവനാണെന്ന് മുമ്പേകൂട്ടി അറിയാതെ പോയി എന്ന് ഭാര്യ സ്വയം പരിതപിക്കുന്നു.

ഗ്രേസിയുടെ 'പടിയിറങ്ങിപ്പോയ പാർവ്വതി' എന്ന കഥ മറ്റൊരു സ്ത്രീയുടെ ജീവിതമാണ് പരോക്ഷമായി പറഞ്ഞുവെയ്ക്കുന്നത്. പാർവ്വതി, തുടുത്ത മുഖം, പ്രകാശമേറിയ വലിയ കണ്ണുകൾ, നീണ്ടിടതൂർന്ന മുടി, അതുകൊണ്ടാണ് അവൾക്ക് പാർവ്വതിയെ ഇഷ്ടമായത്. എന്നാൽ പരീക്ഷ കഴിഞ്ഞപ്പോഴേക്കും പാർവ്വതി വിവാഹിതയായത് കൂട്ടുകാരിക്ക് ഒരാഘാതമായി. പാർവ്വതിയുടെ രാമനാഥനുമായുള്ള വിവാഹത്തിനുശേഷം ഡ്രൈവിങ്ങ് പഠിപ്പിക്കാൻ വന്ന ബന്ധുവായ ഉണ്ണ്യേട്ടനുമായുള്ള ശാരീരികബന്ധവും, പാർവ്വതി രാമനാഥനേയും ഉണ്ണ്യേട്ടനേയും താരതമ്യം


ISSN: 2582 - 2594

ചെയ്ത് സംസാരിച്ചതും, പിന്നീട് വകയിലൊരമ്മാവന്റെ മകനുമായുള്ള ബന്ധവും പാർവ്വതിയെ കൂട്ടുകാരിയുടെ മനസിൽനിന്ന് പടിയിറക്കാൻ കാരണമായി. "സ്ത്രീകളുടെ ലൈംഗിക മനസ്സുകളുടെയും ശരീരങ്ങളുടെയും നിഗൂഢതകളെ തുറന്നുകാട്ടിയ കഥാകാരി എന്നാണ് ഗ്രേസിയെ ചിലർ വിശേഷിപ്പിച്ചിട്ടുള്ളത്." (ഡോ. എം.എം. ബഷീർ, പുറം 487)

### വഴിവിട്ട ബന്ധങ്ങൾ

തന്റെ ഉപകർത്താവിന്റെ പ്രേരണയിൽപ്പെട്ട് വഴിപിഴക്കേണ്ടിവന്ന ഒരു യുവതിയുടെ പ്രതിഷേധത്തിന്റേയും ആത്മനിന്ദയുടേയും പ്രകാശനമാണ് 'അസംഘടിത' എന്ന കഥ. തന്റെ മുന്നിൽ ഒരു ധനവതിയുടെ വേഷം കെട്ടിനിൽക്കുന്നവളെ ഒരു ശരീരവില്പനക്കാരിയാണെന്ന് തിരിച്ചറിയാൻ അവന് സാധിച്ചില്ല. അതോർത്തപ്പോൾ അവൾക്ക് ആദ്യം കണ്ണീരുവന്നു. പിന്നെ ആ തിരിച്ചറിയായ്മയിൽ ആശ്വാസവും. അവളുടെ അച്ഛൻ സുന്ദരനായിരുന്നു. എന്നാൽ അമ്മ അങ്ങനെയായിരുന്നില്ല. അച്ഛൻ സ്നേഹമില്ലാത്തവൻ, അല്ലെങ്കിൽ പത്ത് പന്ത്രണ്ട് വയസ്സുള്ള മകളേയും ഭാര്യയേയും ഉപേക്ഷിച്ച് പോയ്ക്കളയുമോ? സ്വന്തം ശരീരം വിൽക്കേണ്ടിവന്ന സ്മിതയുടെ കഥ ഗീതാഹിരണ്യൻ അങ്ങനെ പറഞ്ഞുവെയ്ക്കുന്നു. അഷിതയുടെ 'കഥയില്ലായ്മകൾ' എന്ന കഥയും ഇതിന്റെ മറ്റൊരു പതിപ്പാണ്. മഹേന്ദ്രൻ നടന്ന് നടന്ന് വേശ്യാത്തെരുവിലേക്കെത്തുന്നു. പുരുഷന്മാരെ ആകർഷിക്കാൻ പല വേഷങ്ങൾ കെട്ടിയവർ, പല ഭാവങ്ങൾ ആവാഹിക്കുന്നവർ. അവൻ മുറിക്കകത്ത് കയറി. സിഗരറ്റ് വലിച്ചുകൊണ്ടിരുന്നപ്പോൾ ഉണ്ടായ ചാരം തട്ടിക്കളയുന്നു. കൈതെറ്റി അത് കിടക്കയിൽ വീണപ്പോൾ അവന്റെ ക്ഷമാപണവും അവളുടെ 'സാരമില്ല, സാരമില്ല' എന്ന വാക്കുകളും. ആ വാക്കുകൾ അവനെ അമ്മയുടെ ഓർമ്മകളിലേക്ക് കൊണ്ടുപോയി. കരഞ്ഞുതളർന്ന് വരുമ്പോൾ അമ്മ ചേർത്തു നിറുത്തി പറയാറുള്ള അതേ വാക്ക് 'സാരമില്ല'. ഇവിടെ കാമത്തേക്കാൾ നഷ്ടമാകുന്ന സ്നേഹത്തിന്റെ, കരുതലിന്റെ ലോകത്തിലേക്ക് വായനക്കാരെ കൊണ്ടുപോകുന്നു. "ദാമ്പത്യം പോലുള്ള കൃത്രിമമായ സാമൂഹ്യസ്ഥാപനങ്ങൾ നിർമ്മിച്ചെടുത്ത അരുതായ്മകൾക്കപ്പുറം നിലകൊള്ളുന്ന ആസക്തിയുടെ മേഖലയെ നിർവ്വചിക്കാനുള്ള ശ്രമമാണ് കഥാകാരി നടത്തുന്നത്." (വി. രാജകൃഷ്ണൻ, പു. 156)

### തൊഴിലിന്റെ തരംതിരിവുകൾ

ഗീതാഹിരണ്യന്റെ 'ഒറ്റ സ്നാപ്പിൽ ഒതുക്കാനാകില്ല ഒരു ജന്മസത്യം' എന്ന കഥയിലെ വേലക്കാരി പാറൂട്ടിചേച്ചി. നാലഞ്ചു വീടുകളിലെ പുറംപണി ചെയ്യുന്ന അടുക്കളപ്പണിക്കാരി. അന്നേദിവസം ഒന്നാമത്തെ പണി ചെയ്യുന്ന വീട്ടിൽ ഷൂട്ടിങ്ങാണ്. ആ വീട്ടിലെ പണികഴിഞ്ഞ് പോകാൻ നേരത്താണ് ബാത്ത്റും കഴുകാൻ പറയുന്നത്. മുകൾഭാഗം വൃത്തിയാക്കാൻ ആവശ്യപ്പെടുന്ന ഗൃഹനാഥ - അതിനിടയിലാണ് 'രമ്യേ, അവളോട് ടോയ്‌ലറ്റ് വൃത്തിയാക്കീട്ട് പൂവ്വൻ പറ' എന്ന സംഭാഷണം ആവർത്തിക്കുന്നത്. അവൾ പേരില്ലാത്തവൾ, അവൾക്കപ്പോൾ ദേഷ്യം വന്നു.

അഷിതയുടെ 'മധ്യവർത്തികൾ' എന്ന കഥയും വീട്ടുജോലി ചെയ്യുന്നവരുടെ പരാധീനതകളാണ് സൂചിപ്പിക്കുന്നത്. സ്ഥിരം തൊഴിലില്ലാത്തതിന്റെ അസ്വസ്ഥതകൾ. കുറഞ്ഞ വേതനത്തിന് പണിയെടുക്കേണ്ടിവരുന്നതിന്റെ നേട്ടുവീർപ്പുകൾ. ഭർത്താവിന് സ്ഥിരവരുമാനമില്ലാതെയാകുമ്പോൾ വിഷമിക്കേണ്ടി വരുന്ന ഭാര്യയുടെയും മക്കളുടെയും അവസ്ഥ ഈ

കഥ വിവരിയ്ക്കുന്നു.

**പെണ്ണായിപിറന്നതിന്റെ നെടുവീർപ്പുകൾ**

ഹോസ്റ്റലിൽ പഠിക്കുന്ന ഒരു പെൺകുട്ടിയാണ് ഗ്രേസിയുടെ 'വേനലിൽ വീണ ഒരു മഴത്തുള്ളി' യിലെ കേന്ദ്രകഥാപാത്രം. അമ്മ പിണങ്ങിപ്പോയതിനാൽ അച്ഛനാണവളെ ദൂരെയുള്ള കോളേജിൽ ചേർത്തതും ഹോസ്റ്റലിലാക്കിയതും. എല്ലാ മാസവും കൃത്യമായ തുക അയച്ചു കൊടുത്തിരുന്നെങ്കിലും വല്ലപ്പോഴും മാത്രമേ അച്ഛൻ വന്നിരുന്നുള്ളൂ. അവൾക്ക് അമ്മയുമായുള്ള സാദൃശ്യം അച്ഛനെ വല്ലാതെ വിറളി പിടിപ്പിച്ചിരുന്നു. അലക്ഷ്യമായ യാത്രയിൽ ഒരു ദിവസം സന്ധ്യക്ക് അവൾ ഒരു ചെറുപ്പക്കാരന്റെ ബൈക്കിൽ കയറിപ്പോകുന്നു. വലതുകൈ അയാളുടെ അരയിൽ ചുറ്റി വേഗത കൂട്ടൂ എന്നു പറഞ്ഞപ്പോൾ തന്നെ ആ ചെറുപ്പക്കാരൻ വിരണ്ടുപോയിരുന്നു. അവർ ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചു. അവിടെ മുറിയിൽ അവളുമായി കിടക്കപങ്കിട്ടു. ഒരു സ്ത്രീയെ പ്രാപിച്ചതിന്റെ സന്തോഷത്തിൽ, തന്റെ കഴിവ് തെളിയിച്ചതിൽ അഹങ്കരിച്ചിരിക്കുന്ന അവനോട് അവൾ പറഞ്ഞ വാക്കുകളിൽ അവൻ പതറിപ്പോയി. 'ഞാനാണ് കുന്തി. ഓരോ വേഴ്ച കഴിയുന്തോറും വീണ്ടും കന്യകയാകാനുള്ള മന്ത്രം എന്റെ കൈയിലുണ്ട്. ' – പുരുഷവർഗത്തെ വെല്ലുവിളിയ്ക്കുന്ന മറുപടിയാണിത്. ജീവിതബന്ധങ്ങൾ ഒരുവളുടെ ജീവിതത്തെ എത്രമാത്രം മാറ്റിമറിക്കുന്നുവെന്ന് ഈ കഥ കാണിച്ചുതരുന്നു.

അഷിതയുടെ 'അലമേലു പറയട്ടെ' എന്ന കഥ ഇതിന്റെ മറ്റൊരു രൂപമാണ് കാണിച്ചു തരുന്നത്. അഗ്രഹാരത്തിലെ അലമേലു എന്ന പെൺകുട്ടി അന്യജാതിയിൽപ്പെട്ടവനെ പ്രണയിച്ചതിന്റെ പേരിൽ അഗ്രഹാരത്തിൽനിന്ന് പുറത്താക്കുന്നു. അവളുടെ ഭീരുവായ കാമുകൻ വിവാഹവാഗ്ദാനം നൽകി അവളെ ഉപേക്ഷിക്കുന്നു. അഭയം നേടാനായി അഗ്രഹാരത്തിലേക്കു തിരിച്ചെത്തിയിട്ടും അവളെ അവിടെ കയറ്റാൻ തയ്യാറായില്ല. 'കരുണ' ചാരിറ്റബിൾ ട്രസ്റ്റ് അവൾക്ക് താമസിക്കാൻ ഇടം നൽകുന്നു.

ഗ്രേസിയുടെ 'മരണാനന്തരം' എന്ന കഥ ജീവിതം മടുത്ത് ഉറക്കഗുളിക കഴിച്ച് ആത്മഹത്യ ചെയ്ത ഒരുവളുടെ കഥയാണ്. ശവത്തിന് ചുറ്റും ദുഃഖം നടിച്ചിരിക്കുന്നവരോട് സംസാരിക്കണമെന്ന വിചിത്രമായ ആഗ്രഹം അവൾക്കുണ്ടാകുന്നു. ശവമെടുക്കാറായപ്പോൾ അവൾ കൺപോളകൾ വലിച്ച് തുറന്നു. പെൺമക്കൾക്ക് വല്ലതും കൊടുത്തുവിടുന്നതിൽ വല്ലാത്ത എരിച്ചിലായിരുന്നില്ലേ എന്ന ചോദ്യത്തിന്റെ മുമ്പിൽ അപ്പന്റെ കണ്ണുകൾ വറ്റിവരണ്ടു. ഭയത്തിന്റെ വൃത്തങ്ങൾ അയാളുടെ ഒറ്റക്കണ്ണിൽ പൊട്ടിവിടർന്നു. അവളുടെ അമ്മായിയോടും, സഹോദരനോടും, അനുജത്തിയോടും, കാമുകനോടുമുള്ള ചോദ്യങ്ങൾക്കു മുന്നിൽ അവർ വിളറിപ്പോയി. മരിച്ചവളുടെ ചോദ്യങ്ങൾ സമൂഹത്തിന്റെ മുന്നിൽ വലിയൊരു ചോദ്യമായുയരുന്നത് ഈ കഥയെ വേറിട്ടൊരു തലത്തിലേക്കെത്തിക്കുന്നു.

**പിതൃദ്വേഷം**

സ്വന്തം പിതാവിനോടുള്ള വൈരാഗ്യം ചില പെൺകുട്ടികളുടെ ജീവിതത്തെ താറുമാറാക്കുന്നു. ഗ്രേസിയുടെ 'പാറ' എന്ന കഥ അത്തരമൊരു സാഹചര്യമാണ് വായനക്കാരുടെ മുന്നിലെത്തിക്കുന്നത്. ഏലിശ്രുബയുടെ അപ്പനോടുള്ള ദേഷ്യം, തനിക്ക് നഷ്ടപ്പെട്ട ബാല്യത്തിലേക്കും,

 ISSN: 2582 - 2594

നിരവധി സ്വപ്നങ്ങൾ ഒതുക്കി അപ്പന്റെ നിർബന്ധപ്രകാരം കർത്താവിന്റെ മണവാട്ടിയാകാൻ പോകേണ്ടിവന്ന മൂത്തവൾ ദീനാമ്മയുടെ ദുഃഖത്തിലേക്കും പോകുന്നു. ക്ലാർക്ക് കം ടൈപ്പിസ്റ്റിന്റെ ജോലികിട്ടി ഏലിശ്വബ വീട്ടിൽനിന്ന് രക്ഷപ്പെട്ടു. ഓഫീസിലെ സഹപ്രവർത്തകയായ മൃദുലയുടെ സ്വന്തം അച്ഛനെക്കുറിച്ചുള്ള വാത്സല്യപൂർവ്വകമായ വാക്കുകൾകേട്ട ഏലിശ്വബക്ക് ഈറ വന്നു. പിന്നീട് വിവാഹശേഷം അവളുടെ ഭർത്താവിന്റെ സ്നേഹപ്രകടനത്തെക്കുറിച്ച് ഓർത്ത് അവൾക്ക് സങ്കടം തോന്നി. ഡോക്ടർ പരിശോധിച്ചപ്പോൾ അവളുടെ ഹൃദയത്തിന്റെ സ്ഥാനത്ത് വലിയൊരു പാറയാണെന്നറിഞ്ഞപ്പോൾ അവൾ ഞെട്ടി. ഒരാളുടെ ജീവിതത്തിൽ യഥാസമയം നൽകേണ്ട കരുതലും സ്നേഹവാത്സല്യങ്ങളും ലഭിക്കാതാകുമ്പോൾ അവർ എങ്ങനെ രൗദ്രഭാവമുള്ളവരായിത്തീരുന്നു എന്ന് ഈ കഥ ഓർമ്മിപ്പിക്കുന്നു.

**സ്ത്രീപീഡനങ്ങൾ**

'കാക്കപ്പുള്ളികൾ' എന്ന കഥയിലൂടെ മാന്യതയുടെ മുഖം പേറുന്ന അബുവിനെ പരിചയപ്പെടുത്തുകയാണ് അഷിത. തൊഴിൽരഹിതൻ, പാർട്ടി പ്രവർത്തനം, പരിസ്ഥിതി സംരക്ഷണം, കവിയരങ്ങ്, കഥയരങ്ങ്. ഇവിടെയെല്ലാം അബുവിന്റെ സാന്നിധ്യമുണ്ട്. ഇതും പോരാഞ്ഞ് സമയംകിട്ടുമ്പോഴെല്ലാം ചീട്ടുകളിയും. ഒരു ദിവസം രാത്രിയിൽ അവിചാരിതമായി ചീട്ടുകളി നേരത്തെ കഴിഞ്ഞ് വീട്ടിലേക്ക് നടക്കുമ്പോൾ പെട്ടെന്ന് മഴ വന്നപ്പോൾ ബസ്സ്റ്റോപ്പിൽ കയറിനിൽക്കുന്നു. ആ ഇരുട്ടിൽ എച്ചിൽ കൂട്ടിയിട്ട ഇടങ്ങളിൽ നിന്നെല്ലാം വിശപ്പടക്കിയിരുന്ന സീതാംബാൾ എന്ന ഭ്രാന്തിപ്പെണ്ണിനെ കാണുന്നു. മഴയടങ്ങുന്നതുവരെ കാത്തുനിൽക്കുന്നതിനിടയിൽ ഒറ്റപ്പെട്ട ആ ബസ്സ്റ്റോപ്പിൽവെച്ച് അബു കാമഭ്രാന്തനായി മാറുന്നു. സീതാംബാൾ പീഡിപ്പിക്കപ്പെടുന്നു. ഏത് പ്രായവും, ഏതവസ്ഥയും സ്ത്രീയെ വെറുതെ വിടുന്നില്ല എന്ന കറുത്ത യാഥാർത്ഥ്യം കഥാകാരി പറഞ്ഞുവെക്കുന്നു.

ഗീതാഹിരണ്യന്റെ 'വിഴുപ്പ്' എന്ന കഥ വാർദ്ധക്യത്തിന്റെ ഒറ്റപ്പെടലും നിസ്സഹായതയുമാണെങ്കിലും റൗണ്ടിലെ ഫുട്പാത്തിൽകൂടി പെണ്ണുങ്ങൾക്ക് ദേഹോപദ്രവമേൽക്കാതെ നടക്കാൻ പറ്റില്ലെന്ന് സൂചിപ്പിക്കുന്നു. "സ്ത്രീ മനസ്സിന്റെ ദുർഗ്രഹവും അജ്ഞാതവുമായ ഇരുണ്ടഗുഹകളിലേക്കുള്ള അന്വേഷണമാണ് ഗീതയുടെ കഥകൾ." (ഡോ. എം.എം. ബഷീർ, പുറം 644)

ജയിലിലെ സ്ത്രീ തടവുകാരെ അഭിമുഖം നടത്താനായി വന്ന പത്രപ്രവർത്തകനിലൂടെയാണ് അഷിതയുടെ 'ശ്ലഥബിംബങ്ങൾ' എന്ന കഥ പുരോഗമിക്കുന്നത്. നാട്ടിലെ കുറ്റകൃത്യങ്ങളിൽ ചെന്ന് ചാടുന്ന ഭൂരിഭാഗം സ്ത്രീകളും അതിനു പ്രേരിതരാകുന്നതിന് കാരണം ശ്വാസം മുട്ടിക്കുന്ന സാമൂഹ്യചുറ്റുപാടുകളാണ് എന്നുള്ളതാണ് പത്രപ്രവർത്തകന്റെ കണ്ടെത്തൽ. പാലക്കാട്ടുകാരി ശിവകാമി ഭർത്താവിന്റെ മദ്യപിച്ച് വന്നുള്ള തൊഴിയും ചവിട്ടും കാരണം ഇറങ്ങിപ്പോയി കിണറ്റിൽച്ചാടി. എട്ടുംപൊട്ടും തിരിയാത്ത കുട്ടികളും അമ്മയുടെ കൂടെയോടി കിണറ്റിൽവീണ് മരിച്ചു. അമ്മയെ നാട്ടുകാർ രക്ഷപ്പെടുത്തിയപ്പോൾ കുട്ടികളെ മരണത്തിലേക്ക് നയിച്ച കാരണത്താൽ അവളെ ജയിലിലടച്ചു. വ്യഭിചരിച്ചതിന്റെ പേരിൽ കമല ജയിലിലായി. ആണുങ്ങൾക്ക് വ്യഭിചാരത്തിന് കേസില്ല എന്ന് പറഞ്ഞ് കമല പത്രപ്രവർത്തകനെ അപഹസിക്കുന്നു. വിവിധ സാഹചര്യങ്ങൾ, എങ്ങനെ സ്ത്രീയെ ജയിലിലെത്തിക്കുന്നു എന്ന് ഈ കഥ പറഞ്ഞുവെക്കുന്നു.

### മറ്റു ചില കഥകൾ

ഗ്രേസിയുടെ 'ഭ്രാന്തൻപൂക്കൾ' എന്ന കഥയിലും 'ഗൗളിജന്മം' എന്ന കഥയിലും ഗൗളി തന്നെയാണ് കഥാപാത്രങ്ങൾ. ശലഭത്തെ കുടുക്കിലാക്കി ഭക്ഷിക്കാനുള്ള ശ്രമം പരാജയപ്പെട്ടെങ്കിലും, ഗൗളിയെ വീണ്ടും പ്രലോഭിപ്പിച്ച് ശലഭം അതിന്റെ ഭക്ഷണമായിത്തീരുന്നു. അച്ചനമ്മമാർ അവരുടെ സ്വകാര്യതകൾക്കു വേണ്ടി വഴിപിരിഞ്ഞപ്പോൾ മകൾ നിരവധി പുരുഷന്മാരുടെ വൈകാരിക വിശപ്പിന് ഇരയായിത്തീരുന്നു. അവൾക്ക് ഏറ്റവും വെറുപ്പുള്ളത് അപ്പനെ തോൽപ്പിക്കാൻ ജാരന്മാരെ തേടിപ്പോയ അമ്മയെയായിരുന്നു. അവസാനം ഒരു സ്ത്രീയുടെ സ്വാതന്ത്ര്യപ്രഖ്യാപനം പോലെ അവൾ തെരഞ്ഞെടുത്തത് ആത്മഹത്യയായിരുന്നു. 'ഗൗളിജന്മം' എന്ന കഥയിൽ ഒരാശുപത്രിയിൽ മരണാസന്നനായി കിടക്കുന്ന ചെറുപ്പക്കാരൻ. രോഗിയെ കാണാനെത്തിയ സ്ത്രീ ചെറുപ്പക്കാരന്റെ ഭാര്യയെ അബോർഷന് പ്രേരിപ്പിക്കുന്നു. ഇതെല്ലാം കണ്ടുകൊണ്ടിരിക്കുന്ന ആൺ ഗൗളിയിലൂടെയും പെൺഗൗളിയിലൂടെയുമാണ് കഥ മുന്നോട്ട് പോകുന്നത്.

ഭാര്യയായും അമ്മയായും ഡബിൾ റോളിൽ ജീവിക്കുന്ന ഒരു കുടുംബിനിക്ക് കഥയെഴുത്തിന് സമയം കണ്ടെത്താൻ ശ്രമിക്കുന്നതാണ് 'ഉണ്ണിക്കുട്ടന്റെ അമ്മയുടെ ഒരു ദിവസം' എന്ന കഥയിലൂടെ ഗീതാഹിരണ്യൻ രേഖപ്പെടുത്തുന്നത്. ഒന്നരവയസ്സായ മകനെ രാവിലെതന്നെ ക്രഷിലാക്കി ഒരു കഥ പൂർത്തിയാക്കണമെന്ന് കരുതി ലൈബ്രറിയിലേക്ക് പോകുന്ന എഴുത്തുകാരി ആകെയുള്ള ആറ് മണിക്കൂർ എഴുതാമെന്ന് വിചാരിച്ചിരിക്കുമ്പോഴാണ് സാഹിത്യകാരിയെ ഒരു പരിപാടിക്ക് ക്ഷണിക്കാൻ ഒരു ചെറുപ്പക്കാരൻ വരുന്നത്. അവനോടൊപ്പമുള്ള വാഗ്വാദങ്ങൾ വളരെ സമയം കളഞ്ഞു. അഞ്ചുമണിക്ക് തിരിച്ച് മകനെ ക്രഷിൽ വന്നെടുത്തപ്പോഴാണ് മനസ്സിലായത് അവന് പനിച്ചു തുടങ്ങിയിരിക്കുന്നു. കഥയെഴുതാൻ വേണ്ടി ഒരു പകൽ ഹോമിച്ച സ്ത്രീക്ക് അവിചാരിതമായി കഥയുടെ സമാപനം കിട്ടി എന്നതിൽ അവൾ ആശ്വസിക്കുന്നു. ലോകത്തിലെ അച്ഛന്മാർക്കറിയില്ല അമ്മമാർ തോളിൽ ഒരു ധന്വന്തരിയെ ചുമക്കുന്നുണ്ട്. മക്കൾക്ക് സുഖപ്പെടുംവരെ ഇരുതോളിലും ഒഴിവില്ലാക്കാവടികൾ.

### ഉപസംഹാരം

"സാമൂഹികമായും വൈകാരികമായും സ്ത്രീകൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ വ്യത്യസ്ത സ്വഭാവത്തിലുള്ളവയാണ്. അതിനാൽ സാമാന്യവത്ക്കരിച്ച സമീപനമോ നിലപാടോ സ്വീകരിക്കാൻ കഴിയാതെ വരുന്നു. ഓരോ പ്രശ്നവും ഏറെ സൂക്ഷ്മാംശങ്ങളിലാണ് നിലകൊള്ളുന്നത്. അതിനാൽ പെണ്ണെഴുത്തിന്റെ പുറംമുദ്രയിലല്ല, അത് വിന്യസിക്കപ്പെട്ടിരിക്കുന്ന ആന്തരതലങ്ങളിലേക്കാണ് ഇറങ്ങിച്ചെല്ലേണ്ടിവരുന്നത്." (ഡോ. പി.കെ. തിലക്, പുറം 181). പുരുഷന്റെ നിഴലായി അവനെ പരിചരിച്ചും ആഹ്ലാദിപ്പിച്ചും നിൽക്കേണ്ടവളാണ് സ്ത്രീ എന്ന സങ്കല്പം മാറിയിരിക്കുന്നു. സാമൂഹികമായും വൈകാരികമായും സ്ത്രീകൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ വ്യത്യസ്തങ്ങളാണെന്ന് ഈ കഥാകാരികൾ ഓർമ്മപ്പെടുത്തുന്നു. സ്ത്രീപക്ഷ രചനകൾക്ക് അനന്യമായ തലം നൽകാൻ കഴിഞ്ഞു എന്നതാണ് ഇവരുടെ രചനാ സവിശേഷതകൾ. വ്യത്യസ്തമായ രചനാതന്ത്രങ്ങൾ അവർ ഇതിനായി പ്രയോജനപ്പെടുത്തുന്നു. സമൂഹത്തിന്റെ സാമൂഹ്യബോധത്തിൽ ഇടപെട്ട് വിമർശിച്ചുകൊണ്ടു മാത്രമേ സ്ത്രീയുടെ ശക്തിപ്പെടൽ സാധ്യമാകു

 ISSN: 2582 - 2594

എന്ന് ഈ കഥാകാരികൾ കരുതുന്നു. സ്ത്രീയുടെ അധഃസ്ഥിതാവസ്ഥ എന്നത് സംസ്കാരത്തിൽ മുദ്രണം ചെയ്തിരിക്കുന്നു. അതിന്റെ രൂപഭേദങ്ങളോടെയുള്ള ചില വെളിപ്പെടുത്തലുകൾ കണ്ട് പരിഹാരം നിർദ്ദേശിക്കുന്നത് വ്യർത്ഥമാകുന്നു. സാമൂഹ്യ മനഃസ്ഥിതിയുടെ സമൂലമായ പൊളിച്ചെഴുത്തിലൂടെ മാത്രമേ സ്ത്രീയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ സാധിക്കുകയുള്ളു എന്ന് ഈ കഥകൾ വായനക്കാരെ ബോധ്യപ്പെടുത്തുന്നു.

**സഹായകഗ്രന്ഥങ്ങൾ:**


1. ഡോ. എം.എം. ബഷീർ, 2008 മലയാള ചെറുകഥാ സാഹിത്യചരിത്രം 1950-2007, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
2. ഗ്രേസി, 2016 ഗ്രേസിയുടെ കഥകൾ, ഡി.സി. ബുക്സ്, കോട്ടയം.
3. അഷിത, 1996 അഷിതയുടെ കഥകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്
4. ഗീതാഹിരണ്യൻ, 2016 ഗീതാഹിരണ്യന്റെ കഥകൾ, കറന്റ് ബുക്സ്, തൃശ്ശൂർ
5. ഡോ. പി. കെ. തിലക്, 2012, കഥാപഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
6. കെ. എസ് രവികുമാർ, 1999, ചെറുകഥ വാക്കും വഴിയും, കറന്റ് ബുക്സ്, തൃശ്ശൂർ
7. വി. രാജകൃഷ്ണൻ 2008, ചെറുകഥയുടെ ഛന്ദസ്, മാതൃഭൂമി ബുക്സ്, കോഴിക്കോട്
8. ഡോ. ജോഷി വർഗീസ്, ഡോ. ജോഷി മാടപ്പാട്ട്, 2012 മലയാളത്തിലെ കഥാകാരികൾ, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.
9. രാജു കാട്ടുപുനം, ടി.കെ. അനിൽകുമാർ, 2019 കഥയുടെ വർത്തമാനം, ജി വി ബുക്സ്, തലശ്ശേരി

# സ്ത്രീ സ്വത്വനിർമ്മിതി, കെ.ആർ.മീരയുടെ കഥകളിൽ

**ഫാത്തിമ ആർ.വി.**
ഗവേഷക, സാഹിത്യപഠനം
മലയാളസർവ്വകലാശാല, തിരൂർ
Email: fathimarv1981@gmail.com

**സംഗ്രഹം**

മലയാളസാഹിത്യത്തിൽ ശ്രദ്ധേയമായ ഒരു ശബ്ദമാണ് കെ.ആർ. മീരയുടെ കൃതികൾ. മീരയുടെ കഥകളായ ശൂർപ്പണഖ, മോഹമഞ്ഞ, ആവേമരിയ, സ്വർഗസങ്കടങ്ങൾ, വാണിഭം തുടങ്ങിയ അഞ്ചുകഥകളെ വിശകലനംചെയ്യാനാണ് ഇവിടെ ശ്രമിക്കുന്നത്. സോഷ്യൽഫെമിനിസത്തിന്റെ രീതിശാസ്ത്രമാണ് സൈദ്ധാന്തികതലമായി ഈ പഠനത്തിന് ആധാരമായി ഉപയോഗിക്കുന്നത്.

**താക്കോൽ വാക്കുകൾ:** സ്ത്രീ, പ്രണയം, സ്വത്വം, സ്ത്രീവാദം, സാമൂഹികസ്ത്രീവാദം

**ആമുഖം**

പുരുഷൻ സാഹിത്യത്തിൽ ആവിഷ്കരിച്ച ഏകപക്ഷീയമായ പ്രണയത്തെ പുറന്തള്ളി സ്ത്രീകളുടേതായ പ്രണയലോകം സാക്ഷാത്കരിക്കുന്നവയാണ് കെ.ആർ.മീരയുടെ കഥകൾ. സ്ത്രീയുടെ പ്രണയവും ദാഹവും ബന്ധങ്ങളിൽനിന്നും മുക്തമാകണം എന്ന കാഴ്ചപ്പാടാണ് മീരക്കുള്ളത്. പുരുഷനെ തോൽപ്പിക്കുകയല്ല, മറിച്ച് സ്ത്രീയുടെ സ്വത്വത്തെ സാഹിത്യത്തിൽ ഉറപ്പിക്കുകയായിരുന്നു മീരയുടെ കഥകൾ. ഓർമ്മയുടെഞരമ്പ്, ആവേമരിയ, മോഹമഞ്ഞ എന്നീ കഥാസമാഹാരങ്ങൾ ശ്രദ്ധേയങ്ങളാണ്. ശൂർപ്പണഖ, മോഹമഞ്ഞ, ആവേമരിയ, സ്വവർഗ സങ്കടങ്ങൾ, വാണിഭം തുടങ്ങിയ അഞ്ച് കഥകളെ വിശകലനം ചെയ്യാനാണിവിടെ ശ്രമിക്കുന്ന

ത്. എഴുത്ത് ഒരു സ്ത്രീയെ സംബന്ധിച്ചിടത്തോളം സ്വന്തം അസ്തിത്വത്തിലേക്കും മനസ്സിലേക്കും പ്രണയപൂർവ്വം ഉള്ള യാത്രയാണ്. അടിച്ചേൽപ്പിക്കപ്പെട്ട വ്യവസ്ഥയോട് നിഷേധിക്കാനും പ്രതിഷേധിക്കാനും കഴിഞ്ഞില്ലെങ്കിൽ ജീവിതം വ്യർത്ഥമാണ് എന്ന തിരിച്ചറിവാണ് ഓരോ സ്ത്രീയെയും ഒരേസമയം പ്രണയിനിയും എഴുത്തുകാരിയുമാക്കുന്നത്. കുടുംബത്തിലും സമൂഹത്തിലും അനുഭവിക്കുന്ന വിലക്കുകളിൽ നിന്ന് ഉടലെടുക്കുന്ന തീക്ഷ്ണമായ വേദനകളെ പലപ്പോഴും സ്ത്രീകളുടെയുള്ളിലെ സ്നേഹാർദ്രമായ വാക്കുകൾ കൊണ്ടുള്ള പോരാട്ടമാക്കി മാറ്റാറുണ്ട്. പല സ്ത്രീകൾക്ക് എഴുത്ത് ഒരേസമയം അതിജീവനവും പോരാട്ടവുമാണ്. എഴുത്തിലൂടെ അവൾ സ്വയം ആഘോഷിക്കാൻ ശ്രമിക്കുന്നുണ്ട്. അലിഖിതമായ അംഗീകരിക്കപ്പെട്ടിരിക്കുന്ന പുരുഷമേധാവിത്വധർമ്മ ശാസ്ത്രത്തിന്റെ കാര്യത്തിൽ മാത്രമല്ല, സാമൂഹിക ജീവിതത്തിന്റെ വിവിധതലങ്ങളിൽ പരക്കെ യാഥാസ്ഥിതികത്വവും പാരമ്പര്യവാദവും അടിയുറപ്പിച്ചു നിൽക്കുന്ന സ്ത്രീകൾക്കു ഒരു പ്രതിരോധതന്ത്രം കൂടിയാണിത്. സമകാലീന സ്ത്രീകളുടെ അവസ്ഥകളെ ഫെമിനിസത്തിന്റെ അതിരുകൾക്കപ്പുറത്തേക്ക് കൊണ്ടുപോയി ആവിഷ്കരിക്കാൻ മീരക്കു കഴിയുന്നുണ്ട്. തന്റെ കഥകളിൽ ലൈംഗികതയെ ആർജ്ജവത്തോടെയും പരിഭ്രമമന്യേയും ഫലിതപാടവത്തോടെയും ചിത്രീകരിക്കാൻ ശ്രമിക്കുന്നുണ്ട് കെ.ആർ. മീര. ഇതുകൊണ്ടു തന്നെയാണ് സമകാലീനരായ സ്ത്രീകഥാകാരികളിൽനിന്നും മീരയുടെ കഥകൾ ഭാഷാസൃഷ്ടി, ആശയസ്വീകരണം, കഥാപാത്രസൃഷ്ടി എന്നിവകൊണ്ടും വ്യത്യാസപ്പെട്ടിരിക്കുന്നത്. മീരയുടെ ശ്രദ്ധേയമായ ഈ കഥകളെ മുൻനിർത്തിയുള്ള പഠനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഉത്തരാധുനികതയുടെ ആഖ്യാനപരിസരങ്ങളിൽനിന്നു കൊണ്ട് സമകാലീന സാമൂഹിക സാംസ്കാരിക ഇടങ്ങളെ ശക്തമായ ഭാഷയിൽ ആവിഷ്കരിക്കുന്നുണ്ട് എഴുത്തുകാരി തന്റെ കൃതികളിൽ. മീരയുടെ രചനകളിൽ സ്ത്രീശരീരത്തിന്റെ ആഖ്യാനം, സ്ത്രൈണത, ലൈംഗികത, ശരീരം എന്നിവയെക്കുറിച്ചുള്ള സ്ത്രീയുടെ സ്വതന്ത്രപരമായ കാഴ്ചപ്പാടുകൾ ആവിഷ്കരിക്കപ്പെടുന്നുണ്ട്. സ്ത്രീയനുഭവങ്ങൾക്ക് മേലെയുള്ള സ്ത്രീയുടെ കാഴ്ചപ്പാടുകൾക്ക് പ്രസക്തിയേറുന്ന ആധുനികാനന്തരതയിൽ സ്ത്രീയുടെ ഉടലെഴുത്ത് പുരുഷാധിപത്യ സങ്കൽപങ്ങളോടുള്ള നിരാകരണമാണ്. എന്നാൽ തികഞ്ഞ ഒരു ഫെമിനിസ്റ്റ് വീക്ഷണമെന്നും മീരയുടെ രചനകളില്ല. പുരുഷവീക്ഷണങ്ങളെ കൂടി അംഗീകരിച്ചുകൊണ്ടും ഉൾക്കൊണ്ടുമുള്ള രചനാരീതിയിൽ സ്ത്രീയുടെ വിധേയത്വമനോഭാവത്തിനു പിന്നിൽ മറച്ചുവെക്കപ്പെട്ടിരിക്കുന്ന ഉൾക്കരുത്തിന്റെ പ്രോജ്ജ്വലതയെയാണ് തന്റെ കഥാപാത്രങ്ങളിലൂടെ ആവിഷ്കരിക്കുന്നത്.

മീരയുടെ മിക്ക കഥകളിലും ശക്തമായ ഒരു സ്ത്രീ കേന്ദ്രകഥാപാത്രമായി കടന്നുവരുന്നുണ്ട്. പുരുഷനോടുള്ള എതിർപ്പുകൾക്കും സമരസപ്പെടലുകൾക്കുമപ്പുറം സ്വന്തം സ്വത്വം ഉറപ്പിച്ചെടുക്കുന്ന ഉൾക്കരുത്താർന്ന സ്ത്രീകഥാപാത്രങ്ങളെയാണ് കൃതികളിൽ കാണുവാൻ സാധിക്കുന്നത്. സ്ത്രീപക്ഷ വായനയ്ക്കപ്പുറത്തേക്ക് നീളുന്ന ഒരു സാമൂഹികസാംസ്കാരികതലം കൂടി മീരയുടെ രചനകൾക്കുണ്ട്. ജീവിതസംഘർഷങ്ങളുടെ ഭാവതീവ്രതകളെ വാക്കുകളിലേക്കും ആവാഹിക്കുവാൻ മീരക്ക് സാധിക്കുന്നുണ്ട്. ഭാവാത്മകതയും വൈകാരികാനുഭൂതിയുമാണ് മീരയുടെ എഴുത്തിനെ ആകർഷകമാക്കുന്നത്. പ്രണയം, ഏകാന്തത, കാത്തിരിപ്പ്, സാമൂഹികജീർണതകൾ, സമകാലിക സാമൂഹികാവസ്ഥകൾ, മതം, അധികാരവ്യവസ്ഥിതികൾ, സ്ത്രീസ്വകാര്യതകൾ, സ്ത്രീ-പുരുഷ വീക്ഷണ വിപര്യയങ്ങൾ, സ്ത്രൈണതയുടെ ഉൾക്കരുത്ത് പേറുന്ന സ്ത്രീജീവിത

ങ്ങൾ എന്നിങ്ങനെ ഒരേസമയം ലളിതവും ആർജ്ജവവുമാർന്ന വിഷയങ്ങൾ കഥാപരിസരത്തെ ബഹുസ്വരമാക്കുന്നു. സമകാലികാവസ്ഥകളെയും രാഷ്ട്രീയപരിസരത്തെയും ഹാസ്യാത്മകമായി വിമർശിക്കുന്ന രചനകളിൽ ശ്രദ്ധേയമാണ് പെൺപഞ്ചതന്ത്രവും ഭഗവാന്റെ മരണവും. സാമൂഹിക- സാംസ്കാരിക-രാഷ്ട്രീയ മണ്ഡലങ്ങളിലെ അപചയങ്ങളെ തുറന്നുകാട്ടുവാനുള്ള ആർജ്ജവം എഴുത്തുകാരിയിൽ പ്രകടമാകുന്നുണ്ട്. നർമബോധവും ഐറണിയും കലർന്ന ആഖ്യാനശൈലിയിലൂടെ പ്രമേയങ്ങളെ തീക്ഷ്ണമായി ആവിഷ്കരിക്കുന്നുമുണ്ട്. സമകാലികത, പൂർവചരിത്രങ്ങൾ, പുരാണകഥാസന്ദർഭങ്ങൾ എന്നിവയെ പ്രമേയത്തിനു ഗുണമായ രീതിയിൽ യുക്തിയുക്തമായി കൂട്ടിച്ചേർക്കുവാനുള്ള രൂപശിൽപനിർമ്മാണവും സ്വതസിദ്ധമായ വീക്ഷണ കോണിലൂടെ അതിനെ വ്യാഖ്യാനിക്കാനുള്ള കഴിവുമാണ് ഇതരസമകാലിക എഴുത്തുകാരിൽ നിന്ന് മീരയെ വ്യത്യസ്തയാക്കുന്നത്. മലയാള ചെറുകഥ-നോവൽസാഹിത്യത്തിന്റെ സമകാലികഭാവുകത്വത്തെ ഈ എഴുത്തുകാരി സമ്പന്നമാക്കുന്നു. 'മോഹമഞ്ഞ, ഓർമയുടെഞരമ്പ്, സർപ്പയജ്ഞം, ആവേമരിയ, ഗില്ലറ്റിൻ, വാർത്തയുടെഗന്ധം, ശൂർപ്പണഖ, പെൺപഞ്ചതന്ത്രവും മറ്റു കഥകളും എന്നിവയെല്ലാം മികച്ചതും സഹൃദയ - നിരൂപണ ശ്രദ്ധനേടിയതുമായ ചെറുകഥകളാണ്. കരിനീല, ആ മരത്തെയും മറന്നുമറന്നു ഞാൻ, മീരാസാധു, യൂദാസിന്റെസുവിശേഷം എന്നീ നോവലുകളിലൂടെയും നേത്രോന്മീലനം, ആരാച്ചാർ, സൂര്യനെ അണിഞ്ഞ ഒരു സ്ത്രീ എന്നീ നോവലുകളിലൂടെയും സമകാല മലയാള ചെറുകഥ - നോവൽ സാഹിത്യത്തിൽ സജീവമായ ഇടപെടൽ കെ.ആർ. മീര നടത്തുന്നു. സാഹിത്യത്തിൽ മുമ്പും പരാമർശിക്കപ്പെടുന്ന പ്രമേയങ്ങൾ തന്നെയാണ് കഥാപരിസരങ്ങളിൽ നിലനിൽക്കുന്നതെങ്കിലും ആവിഷ്കാരത്തിലെ നൂതന സംവേദനാത്മകതയാണ് മീരയുടെ രചനകളെ വ്യത്യസ്തമാക്കുന്നത്. പെൺമനസ്സിനെയും പെണ്ണവസ്ഥകളെയും, വികാരങ്ങളെയും സൂക്ഷ്മമായും തുറന്നും എഴുതിയിട്ടുള്ള കെ.ആർ.മീര; പെൺമനസ്സിന്റെ വിഹ്വലതകളും ഉത്കണ്ഠകളുടെ പ്രണയവും, നൈരാശ്യവും എഴുത്തിൽ അവശേഷിപ്പിച്ചു. ഗഹനമായ ജീവിതവീക്ഷണവും തീക്ഷ്ണമായ ഭാഷാശൈലിയും തിരഞ്ഞെടുക്കുന്ന ഇതിവൃത്തങ്ങളിലെ അപൂർവ്വതയുമാണ് എഴുത്തിനെ വേറിട്ട് നിർത്തുന്നത്. പറച്ചിലിലെ പ്രത്യേകതകൊണ്ട് ഇതിവൃത്തത്തെ മറികടക്കാനുള്ള ത്വര എഴുത്തുകാരിയിൽ ശ്രദ്ധേയമാണ്. കേവലപൈങ്കിളി, ലോലവികാരം എന്നൊക്കെ വിശേഷിപ്പിക്കാവുന്ന പ്രമേയങ്ങളെ മറികടക്കുന്നത് ആഖ്യാനത്തിൽ വരുത്തുന്ന പുതുമകൊണ്ടാണ്. മറ്റാരാണെങ്കിലും തീർത്തും പരാജയപ്പെട്ടു പോകാവുന്ന ക്ലീഷേകളിൽ മീര വിദഗ്ധമായി മികവു കാണിക്കുന്നതും ഈ ശേഷി കൊണ്ടുതന്നെയാണ്.

കെ.ആർ. മീരയുടെ ശ്രദ്ധിക്കപ്പെട്ട കഥകളിലൊന്നായ 'മോഹമഞ്ഞ' ദമനം ചെയ്യപ്പെട്ട ആസക്തികളെയും സ്നേഹിക്കപ്പെടാതെ പോകുന്ന മനുഷ്യനെയുമാണ് ചേർത്തു നിർത്തിക്കാണിക്കുന്നത്. ഏതു മനുഷ്യപ്രകൃതിബന്ധങ്ങളും മുജ്ജന്മബന്ധിതമാണ് എന്ന വാദം ഉണ്ട്. ഏറ്റവും തീവ്രമായ മനുഷ്യബന്ധമാണ് പ്രണയം. അതുകൊണ്ട് തന്നെയാണ് അത് ഇവിടെ തെളിഞ്ഞുവരുന്നത്. ജീവിതത്തിന്റെ മായയുടെ കനത്ത ഇരുട്ടിനെപ്പോലും പ്രണയത്തിന്റെ വെളിച്ചം എത്ര സുന്ദരമായും സൂക്ഷ്മമായുമാണ് മറികടക്കുന്നതെന്ന് ഈ കഥയിലൂടെ നമുക്ക് തിരിച്ചറിയാനാവും. 'ജീവിതത്തിൽ ആദ്യമായി കാണുകയാണെങ്കിലും പ്രണയബന്ധങ്ങളിൽ പതിവുള്ളതുപോലെ ഇയാളെ എവിടെയോ കണ്ടിട്ടുണ്ടല്ലോ എന്ന് അവളും ഇയാളെ എപ്പോഴോ

 ISSN: 2582 - 2594

പരിചയപ്പെട്ടിട്ടുണ്ടല്ലോ എന്ന് അയാളും വിചാരിച്ച്' എന്നുള്ള വരികൾ ആഖ്യാനത്തിനിടയിലെ ദാർശനിക ക്രിയാകേളികളാണ്. ഇതതല്ലാം വായനക്കാരെ ഹഠാദാകർഷിക്കുന്നത്. ഒരു ഉദാഹരണം നോക്കുക. 'മുഖാമുഖം ഇരുന്നതിനാൽ അവരുടെ നോട്ടങ്ങൾ പല തവണ കാര്യമൊന്നുമില്ലാതെ പരസ്പരം കൈ കൊടുത്തു നടന്നുപോയി'. ഒരു വട്ടം അയാളുടെ നോട്ടം അവളുടെ കണ്ണുകളിൽ തടഞ്ഞുവീഴുകയും സോറി പറഞ്ഞു എഴുന്നേറ്റുപോവുകയും ചെയ്തു. മറ്റൊരു വട്ടം അവളുടെ നോട്ടം അയാളുടെ കണ്ണുകളിൽ ഒന്നിടറുകയും അയാളുടെ കൺപീലികൾ അവളിൽ വീണു പോകാതെ താങ്ങിനിർത്തുകയും ചെയ്തു. രോഗം/മരണം/ലൈംഗികത എന്നീ പ്രശ്നങ്ങളിൽ കെട്ടുപിണഞ്ഞു കിടക്കുന്ന കഥയാണിത്. ഏത് ലൈംഗികതയുടെ പിന്നിലും മരണത്തെ ജയിക്കാനുള്ള ഒരഭിവാഞ്ജ കുടികൊള്ളുന്നു എന്ന മനഃശാസ്ത്രപരമായ തത്ത്വം ഇവിടെ കാണുന്നു. പെണ്ണുങ്ങളുടെ നിരാശ അവരുടെ കൺതടങ്ങളിൽ തെളിയും. ആണുങ്ങളുടേതാകട്ടെ അവരുടെ ചുവടുകളിലും. രോഗവും പ്രണയവും കാമവും എത്ര ആഴത്തിലും കലാത്മകമായുമാണ് ഈ കഥയിൽ ഊടും പാവും പോലെ കൂടിക്കലർന്നിരിക്കുന്നുവെന്നത് നമുക്ക് കണ്ടെത്താനാവും. കഥാപാത്രങ്ങളെല്ലാം രോഗികളാണ്- അയാളുടെരോഗം/അവളുടെരോഗം/അവളുടെമകന്റെരോഗം എന്നിങ്ങനെ അതു നിറസാനിദ്ധ്യമാവുന്നു. കഥ നടക്കുന്ന സ്ഥലം മെഡിക്കൽ കോളേജും പരിസരവുമാണ്. കഥയ്ക്കുള്ളിൽ തെളിയുകയും മറയുകയും ചെയ്യുന്ന വർണ്ണങ്ങൾ മഞ്ഞയും ചാരവുമാണ്. നിറങ്ങൾ സൃഷ്ടിക്കുന്ന വിനിമയഭംഗിയും കഥയുടെ വായനയിൽ കാണാം. വളരെ വ്യത്യസ്തമായ രീതിയിലാണ് ഈ കഥയെ കാണാനാവുക. പ്രണയം ഒരു രോഗാവസ്ഥയാണോ അതോ അടിച്ചമർത്തപ്പെട്ട പ്രണയമാണോ രോഗബീജമായി മാറുന്നത് എന്നിങ്ങനെയുള്ള സന്ദേഹങ്ങളാണ് ഈ കഥയിൽ ആവിഷ്കരിക്കുന്നത്. ആ കഥയിലെ സ്ത്രീയും പുരുഷനും ജീവിതത്തിന്റെ വൈവിധ്യപൂർണമായ നിറങ്ങൾ കാണുവാനുള്ള ശേഷി രോഗം മൂലം നഷ്ടപ്പെട്ടവരാണ്. സ്നേഹിക്കാൻ ലജ്ജിക്കുകയും ആത്മധൈര്യപ്പെടുകയും ചെയ്യുന്ന സാധാരണ മനുഷ്യരെയാണ് ഇവിടെ ചിത്രീകരിക്കുന്നത്. എന്നാൽ സ്നേഹം വേണ്ടെന്ന് വെക്കാൻ ആരും തന്നെ തയ്യാറാവുന്നില്ല. സമൂഹത്തെക്കുറിച്ചുള്ള ഭയമാണ് ഇവിടെ രോഗമായി പ്രത്യക്ഷപ്പെടുന്നത്. കണ്ണില്ലാതാവുമ്പോഴാണല്ലോ കണ്ണിന്റെ വിലയറിയുക. അതുപോലെ വൈകിയാണെങ്കിലും ശേഷിക്കുന്ന ജീവിതത്തിന്റെ വില തിരിച്ചറിയുകയാണ് അവർ. സ്നേഹിക്കാൻ കുറച്ച് സമയം മാത്രമുള്ളപ്പോൾ അണയാൻപോകുന്ന ജീവിതത്തിലേക്ക് ആർത്തിയോടെ പറന്നണയുകയാണവർ. ഈ കഥയിലെ കഥാപാത്രങ്ങളായ അവൾ വിവാഹമോചിതയും രണ്ടു കുട്ടികളുടെ അമ്മയും. അയാൾ വിവാഹബന്ധിതനും രണ്ടു കുട്ടികളുടെ അച്ഛനും. കഥാകാരി എന്ത്കൊണ്ടാണ് അവളെ വിവാഹമോചിതയായി അവതരിപ്പിക്കുന്നത്? വിവാഹിതയായൊരു സ്ത്രീ ഇത്തരം ഒരു പ്രണയലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നത് ചിത്രീകരിച്ചാൽ അതിനെ നിലനിൽക്കുന്ന സദാചാര പൊതുബോധവാഹകരായ വായനക്കാർ എങ്ങനെ സ്വീകരിക്കുമെന്ന ഭയം എഴുത്തുകാരിയേയും ഭരിക്കുന്നില്ലേ എന്ന് തോന്നിക്കും. പുരുഷൻ സൃഷ്ടിക്കുന്ന സദാചാരനീതി എത്ര ആഴത്തിലാണ് സ്ത്രീയുടെ ഹൃദയത്തിൽ തറഞ്ഞു കയറിയിരിക്കുന്നതെന്ന് എഴുത്തുകാരി ചൂണ്ടിക്കാണിക്കുന്നു. ഉത്ക്കടമായ വികാരാവിഷ്കാരത്തേക്കാൾ മനസ്സിന് പ്രശാന്തതയരുളുന്നത് കോമളീകൃതമായ വികാരാവിഷ്കാരമാണ് എന്ന തത്ത്വത്തിന് നിദർശനമയി പരിലസിക്കുന്നതാണ് മീരയുടെ കഥ. അതുകൊണ്ട് തന്നെ മലയാളത്തിലെ ശ്രേഷ്ഠമായ കഥകളുടെ ജനസ്സിലാണ് ഈ കഥയും ഇടം കണ്ടെത്തിയിട്ടുള്ളത്.

'ആവേമരിയ' എന്ന കഥാസമാഹാരത്തിലെ ആവേമരിയ എന്ന കഥ കണ്ണുകളെ ഈറ നണിയിക്കുന്നു. കമ്യൂണിസ്റ്റ് സഹനത്തിന്റെ ഒരു തീവ്രമായ ഭൂതകാലം അതിൽ ശക്തമായി ആവിഷ്കരിച്ചിട്ടുണ്ട്. സഹൃദയരാൽ ഏറെ ശ്രദ്ധിക്കപ്പെട്ട കഥയാണിത്. മറിയക്കുട്ടി എന്ന സ്ത്രീയുടെ സഹനത്തിന്റെ കഥയാണിത്. ജന്മനാ ധിക്കാരിയായിരുന്ന ചോലക്കാടൻ എന്ന വ്യക്തിയുടെ ഭാര്യയായിരുന്നു മറിയക്കുട്ടി. ഒരു ദിവസം പോലീസുകാരുടെ മരണവാർത്തയറിഞ്ഞ് ഇവർ നാടുവിട്ടു പോകുന്നു. പക്ഷെ ഒരു രാത്രി ചോലക്കാടനെ പോലീസ് അറസ്റ്റ് ചെയ്യുന്നു. രക്ഷപ്പെട്ട മറിയക്കുട്ടി തളരാതെ നാട്ടിൽ തിരിച്ചെത്തുന്നു. പക്ഷെ, അപ്പഴേക്കും അവർക്ക് സ്വന്തമായിരുന്നതെല്ലാം നഷ്ടപ്പെട്ടിരുന്നു. ആരും തന്നെ അവരെ സഹായിക്കാൻ സന്നദ്ധയായിരുന്നില്ല. പോലീസുകാർ മറിയക്കുട്ടിയെ നന്നായി ഉപദ്രവിച്ചു. മാത്രവുമല്ല മറിയക്കുട്ടിയെ വിലങ്ങിട്ട് ബലാത്സംഗം ചെയ്തു. വളരെ ക്രൂരമായാണ് അവർ പെരുമാറിയത്. ആളുകളെല്ലാം പല കഥകളും പറഞ്ഞു തുടങ്ങി. ജയിലിൽ കിടക്കുന്ന സഖാവിന്റെ ഭാര്യക്ക് ഗർഭം അത് സോഷ്യലിസ്റ്റ് ഗർഭമാണെന്നും കുട്ടി അരിവാളും ചുറ്റികയുമായിട്ട് വരും നോക്കിക്കോ എന്നും. കമ്യൂണിസ്റ്റ്ഗർഭം എന്നിങ്ങനെയൊക്കെ വാർത്തകൾ പരന്നു. മറിയക്കുട്ടി ഒരാൺകുഞ്ഞിനെ പ്രസവിച്ചു. ആ കുഞ്ഞിന് ഇമ്മാനുവൽ എന്ന് പേരിട്ടു. മറിയക്കുട്ടിക്ക് ആരും തന്നെ ജോലി നൽകിയില്ല. പക്ഷെ രാത്രിയിൽ അവരുടെ വീട്ടിൽ ആളു വരും. അങ്ങനെ സഖാവ് ചോലക്കാടന്റെ ഭാര്യ സോഷ്യലിസ്റ്റ് മറിയക്കുട്ടിയായി. ഇമ്മാനുവൽ പിടിവാശിക്കാരനായിരുന്നു. ഇമ്മാനുവേലും ചോലക്കാടനും പരസ്പരം സഖാവേ എന്നാണ് വിളിച്ചിരുന്നത്. ഇമ്മാനുവേൽ വളരുംതോറും ചോലക്കാടൻ തളരുകയായിരുന്നു. പാർട്ടി പിളർന്നതിന്റെ പിറ്റേന്ന് ചോലക്കാടൻ മരിച്ചു. താൻ തന്തയില്ലാത്തവനാണെന്ന് ഇമ്മാനുവേൽ സ്വയം കുറ്റപ്പെടുത്തി. ഒരു ഫാക്ടറിയിൽ ജോലി കിട്ടിയ ഇമ്മാനുവേൽ ഒരു പെൺകുട്ടിയെ സ്നേഹിച്ചു. പക്ഷെ അവൾ തന്തയില്ലാത്തവനെ വേണ്ടെന്ന് പറഞ്ഞ് ഇമ്മാനുവേലിനെ ഒഴിവാക്കി. ആ വാശിതീർക്കാനായി ഇമ്മാനുവേൽ വേശ്യയെ സമീപിക്കുന്നു. അവർ വസ്ത്രം അഴിക്കുമ്പോഴെല്ലാം അമ്മച്ചിയുടെ മുഖമാണ് ഇമ്മാനുവേലിന്റെ ഓർമ്മയിൽ വരുന്നത്. ഓരോ സ്ത്രീയെ സമീപിക്കുമ്പോഴും അയാൾ നിലം പതിക്കുകയായിരുന്നു. എപ്പോഴും അയാൾ അമ്മയായ മറിയയെ ഉപദ്രവിക്കുമായിരുന്നു. ഒരിക്കൽ ഇമ്മാനുവേൽ ഫ്യൂരിഡാൻ കഴിച്ചപ്പോഴും മറിയ നിശ്ശബ്ദയായി കാത്തിരിക്കുകയായിരുന്നു. എല്ലാവരും ഒരു ദിവസം കോഴി കൂവും മുമ്പേ ആരെയെങ്കിലും തള്ളിപ്പറയും. എല്ലാവരും ഒരു ദിവസം രണ്ട് കള്ളൻമാർക്കിടയിൽ ആരെയെങ്കിലും കുരിശിലേറ്റും. കുളിച്ച് വീഞ്ഞ് കുടിപ്പിക്കും. വിലാപ്പുറത്ത് കുത്തും. പാറയിൽ വെട്ടിയ കല്ലറയിൽ തള്ളും. കല്ലറ വാതിൽക്കൽ, ഏതെങ്കിലും ഒരു മറിയ മാത്രം സ്നേഹിച്ചതിന് വേണ്ടി കരഞ്ഞ് കൊണ്ട് കാത്തുനിൽക്കും എന്നൊക്കെ പറഞ്ഞ് കഥയിവിടെ അവസാനിക്കുന്നു.

'സ്വവർഗ്ഗസങ്കടങ്ങൾ' എന്ന കഥ പറയുന്നത് സ്വവർഗ്ഗ സങ്കടങ്ങളിൽ മുഴുകുന്ന ഗോപാലകൃഷ്ണപിള്ളയുടെ ചിന്താഗതിയാണ്. സ്ത്രീകൾ കൂടിയ സെമിനാർ ഹാളിൽ വെച്ച് ഗോപാലകൃഷ്ണപിള്ള ഒരു പ്രസംഗം കേൾക്കുന്നു. സാധാരണക്കാരനായ ഗോപാലകൃഷ്ണപിള്ള ആ പ്രസംഗം ആദ്യമൊന്നും ശ്രദ്ധിച്ചിരുന്നില്ല. പക്ഷെ പിന്നീടാണ് ലിംഗം എന്ന വാക്ക് അദ്ദേഹം കേട്ടത്. ആദ്യം വിശ്വസിച്ചില്ലെങ്കിലും പിന്നീട് കേട്ടപ്പോൾ ചൂളുങ്ങിപ്പോയി. ഒരു സ്ത്രീ ഘോരഘോരമായി പ്രസംഗിക്കുന്നുണ്ടായിരുന്നു. ആ സ്ത്രീക്ക് കോഴിക്കുഞ്ഞിന്റെ ഒച്ചയാണെങ്കിലും

 ISSN: 2582 - 2594

കടുവയുടെ ഭാവമായിരുന്നു. ഈ ലിംഗമാണിന്ന് നാട് ഭരിക്കുന്നത്. സ്ത്രീയെ കീഴ്പ്പെടുത്തി അവളുടെ മേൽ ലൈംഗിക അധികാരം സ്ഥാപിക്കുകയാണ് പുരുഷൻ. ലിംഗം ഒരു പ്രതീകമാണ്. അതാണ് ഇന്നത്തെ ദുഷിച്ച അധികാര വ്യവസ്ഥയുടെ ആണിക്കല്ലും അച്ചുതണ്ടും. സ്ത്രീയുടെ സ്വത്വത്തിന് മേൽ ലൈംഗികമായ അധീശത്വം സ്ഥാപിക്കുകയാണ് പുരുഷൻ. ഓരോ പുരുഷനും റേപ്പിസ്റ്റാണ്. ആക്രമിച്ച് കീഴടക്കാനാണ് അവനു വാസന. ഒരു സ്ത്രീയും പുരുഷനെ ആഗ്രഹിക്കുന്നില്ല. അവൾ അവന് കീഴ്പ്പെടുന്നതു നിവൃത്തികേടുകൊണ്ടാണ്. സ്ത്രീയുടെ ലൈംഗികത അവനുള്ള ഔദാര്യവും സൗജന്യവുമാണ്. വായ്നാറ്റവും വിയർപ്പ്നാറ്റവും സഹിച്ച് തളരാത്ത ഏത് സ്ത്രീയാണ് ഈ സംസ്ഥാനത്തുള്ളത്. ഇതെല്ലാം ആ പ്രസംഗത്തിലെ പ്രധാന ആശയങ്ങളാണ്. ഈ സ്ത്രീകളുടെ വീട്ടിൽ ആണുങ്ങളാരുമില്ലേയെന്ന് ഗോപാല കൃഷ്ണ പിള്ള സ്വയം ചോദിക്കുന്നു. ഇന്നത്തെ അധികാര വ്യവസ്ഥയുടെ അച്ചുതണ്ട് പുരുഷലിംഗമാണെന്നും അത് അടിച്ചൊടിക്കേണ്ട കാലം അതിക്രമിച്ചെന്നും ആ സ്ത്രീകൾ പ്രസംഗിക്കുന്നു. പെണ്ണുങ്ങളെ പഠിപ്പിക്കുന്നതാണ് ഈ പ്രശ്നത്തിന് എല്ലാം കാരണമെന്നും അവരെ വീട്ടിൽ നിന്ന് പുറത്തേക്ക് വിടുന്നത് കൊണ്ടാണ് ഇങ്ങനെയൊരു ഗതിയുണ്ടായതെന്നും ഗോപാല കൃഷ്ണപിള്ള പറയുന്നു. വീട്ടിലെത്തിയെ ഇദ്ദേഹം ഭാര്യയെ ഉപദ്രവിച്ച് തന്റെ പഴയ പ്രേമഭാജനത്തെ കാണാൻ പോകുന്നു. അവളോട് പ്രസംഗത്തിന്റെ കാര്യം വിവരിക്കുന്നു. ആണുങ്ങൾ വളരെ മോശപ്പെട്ടവരാണെന്നായിരുന്നു അവളുടെ മറുപടി. ഒരു പുരുഷനിൽനിന്നും തനിക്ക് സന്തോഷം കിട്ടിയില്ലെന്നും അവരെല്ലാം കാശ് തരുന്നത് തന്നെ സന്തോഷമാണെന്നും അവൾ പറഞ്ഞു. ഇത് കേട്ട ഗോപാലപിള്ള അവിടെനിന്നും ഇറങ്ങിപ്പോകുന്നു. അദ്ദേഹം വഴിനീളെ സ്ത്രീകളെ തെറി പറഞ്ഞുകൊണ്ടിരിക്കുന്നു. സെമിനാർ ഹാളിൽ പ്രസംഗിച്ച സ്ത്രീകളുടെ അച്ഛന്മാരേയും ഭർത്താക്കാന്മാരേയും ഷണ്ഡന്മാർ എന്നാക്ഷേപിക്കുന്നു. ഇങ്ങനെ എല്ലാംകൊണ്ടും നിരാശനായിരിക്കുന്ന ഗോപാലകൃഷ്ണപിള്ളയുടെ അടുത്തേക്ക് ഒരു ചെറുപ്പക്കാരൻ വരുന്നു. പ്രസംഗത്തിന്റെ കാര്യം അവനോട് പറയുന്നു. മാത്രമല്ല ഇതെല്ലാം പോക്രിത്തരമല്ലെയെന്നും ചോദിക്കുന്നു. അപ്പോൾ പയ്യൻ കുറെ കാശുണ്ടാക്കി ഓപ്പറേഷൻ നടത്തി ഒരു പെണ്ണായാൻ മതി എന്നു പറയുന്നു. മാത്രവുമല്ല പെണ്ണായാൽ തന്നെ കല്യാണം കഴിക്കുമോ എന്നും ആ പയ്യൻ ചോദിക്കുന്നു. ഇവിടെ ഗോപാലകൃഷ്ണപിള്ള തന്റെ സ്വവർഗസങ്കടങ്ങളിൽ മുഴുകി ആകെ അസ്വസ്ഥനായിരിക്കുകയാണ്. തന്നോട് അനുകൂലിക്കുന്ന ആരെയും അദ്ദേഹം കാണുന്നില്ല.

'വാണിഭം' എന്ന കഥയിൽ വ്യത്യസ്തമായ ഒരു അനുഭവമാണ് പ്രതിപാദിക്കുന്നത്. വഞ്ചിക്കപ്പെടുന്ന സ്ത്രീകളിൽ ചിലർ ഫെമിനിസ്റ്റുകളാവാം. ഒറ്റ ചിലർ വ്യഭിചാരികളാവാം. ചുരുക്കം ചിലർ സന്യാസികളും എഴുത്തുകാരികളും ആവാം. ഇത്തരമൊരവസ്ഥയാണ് വാണിഭമെന്ന കഥയ്ക്ക് ആധാരമായി സ്വീകരിച്ചിരിക്കുന്നത്. ഈ കഥയിലെ സ്ത്രീ വ്യഭിചാരിണിയാവാൻ തന്നെ തീരുമാനിച്ചിരിക്കുന്നു. സുകന്യയ്ക്ക് തന്റെ ഭർത്താവിനോടുള്ള എതിർപ്പാണ് ഇങ്ങനെയൊരു തീരുമാനമെടുക്കാൻ അവളെ പ്രേരിപ്പിക്കുന്നത്. അവൾ പലസ്ഥലത്തും പോയി നിൽക്കുന്നു. പക്ഷെ ആരും സുകന്യയെ ശ്രദ്ധിച്ചിരുന്നില്ല. വ്യഭിചാരം താൻ വിചാരിച്ച പോലെയത്ര എളുപ്പമല്ല എന്നും ഈ രംഗത്തും മത്സരം ഭയങ്കരം തന്നെയാണെന്നും സുകന്യ മനസ്സിലാക്കുന്നു. എന്നാലും സുകന്യ നിരാശപ്പെടുന്നില്ല. അവൾ പലരോടും എനിക്ക് വ്യഭിചരിക്കാൻ താൽപര്യമുണ്ട്. താങ്കൾക്ക് വിരോധമുണ്ടോ? എന്നു ചോദിക്കുന്നു. പക്ഷെ ആരും തന്നെ തയ്യാറാകു

ന്നില്ല. അപ്പോൾ സുകന്യ ലോകത്തെ പഴിക്കുന്നു. വെറുതെ നിൽക്കുന്നവരെ തട്ടിക്കൊണ്ടു പോയി വാണിഭം ചെയ്യുന്നു. അതു മാത്രമല്ല ആവശ്യക്കാരെ അവഗണിക്കുകയും ചെയ്യുന്നു. ഈ നിലപാട് സുകന്യയ്ക്ക് ഒട്ടും ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. ഇതെല്ലാം നോക്കി നിന്ന ഒരാൾ സുകന്യയെ നോക്കി ചിരിച്ച് ആരേയും കിട്ടിയില്ലേ എന്ന് പരിഹസിക്കുന്നു. അപ്പോൾ ഇല്ല പോരുന്നോ കൂടെ എന്ന് സുകന്യ അയാളെ വെല്ലുവിളിക്കുന്നു. സുകന്യയോടൊപ്പം ലോഡ്ജിലേക്ക് പോകുന്നു. അപ്പോഴാണ് അയാൾ ഇംപൊട്ടന്റ് ആണെന്ന് സുകന്യ അറിയുന്നത്. ഇതറിഞ്ഞ സുകന്യ നിരാശയായി. മാത്രവുമല്ല അവൾക്കയാളോട് കൂടുതൽ സഹതാപവും താൽപര്യവും തോന്നി. അയാളോടൊന്നിച്ച് ജീവിക്കണമെന്ന് തോന്നുകയും ചെയ്യുന്നുണ്ട്. പക്ഷെ അയാൾ അവളെ വീട്ടിലേക്ക് തന്നെ തിരിച്ചയക്കുന്നു. ഭിന്നലൈംഗിക കാമനകളുടെ നേർക്കാഴ്ചകൾ അനാവരണം ചെയ്യുന്ന എന്ന നിലയിൽ സവിശേഷ ശ്രദ്ധ ആകർഷിക്കുന്നതാണ് ഈ കഥ.

'ശൂർപ്പണഖ' എന്ന കഥ പി.പി.അനഘ എന്ന അധ്യാപികയുടെ ജീവിതമാണ് ആവിഷ്കരിക്കുന്നത്. ആദ്യമായി ക്ലാസിലെത്തിയപ്പോൾ 'ശൂർപ്പണഖയ്ക്ക് സ്വാഗതം' എന്നെഴുതി വെച്ചതാണ് അനഘ കാണുന്നത്. അനഘ പ്രതികരിച്ചില്ല. അതിനുസേഷം ഒരു കുട്ടി 'മിസ്സ് ഒരു ഫെമിനിസ്റ്റല്ല' ബേൺദ ബ്രാ പ്രസ്ഥാനത്തെക്കുറിച്ച് എന്താണഭിപ്രായം എന്ന് ചോദിക്കുന്നു. ആ ചോദ്യത്തിനെതിരെ അനഘ ശക്തമായി തന്നെ പ്രതികരിച്ചു. അനഘക്ക് ബ്രസ്റ്റ് കാൻസറായിരുന്നു. സർജറിയുടെ സമയമായപ്പോൾ അനഘ തന്റെ മകളോട് അവസാനമായി എന്തെങ്കിലും വേണമോ എന്ന് ചോദിക്കുന്നു. മകൾ അവസാനമായും ആദ്യമായും ആവശ്യപ്പെട്ടത് അമ്മയുടെ പാലായിരുന്നു. തന്റെ മകൾ എന്ത് ചോദിക്കരുതെന്ന് കരുതിയോ അത് തന്നെ മകൾ ആവശ്യപ്പെടുന്നു. മകളുടെ ആഗ്രഹം കേട്ട അനഘ ഒരു ധൈര്യത്തിന് വേണ്ടി ലിംഗാധിപത്യം, വിമോചനം. ശാക്തീകരണം എന്നിങ്ങനെ ഉരുവിട്ടു. എങ്കിലും ആ അമ്മ ആഗ്രഹം സാധിപ്പിച്ചു കൊടുക്കാൻ തയ്യാറായി. പി.പി. അനഘ എന്ന അമ്മ ശക്തമായ ഒരു സ്ത്രീയായിരുന്നു എന്ന് തന്റെ മകൾ തിരിച്ചറിയാനും മകളുടെ ശാക്തീകരണത്തിനു വേണ്ടിയുമായിരുന്നു അവർ അതിനു തയ്യാറായത്. പക്ഷെ അമ്മയുടെ നെഞ്ചിലേക്ക് നോക്കി മകൾ വിഹ്വലതയോടെ പറയുന്നത് എനിക്ക് ലാക്ടോജിൻ മതി എന്നാണ്. ഈ പ്രതികരണം ആ അമ്മയെ തളർത്തിക്കളഞ്ഞിരിക്കും എന്ന് മീര പറയുന്നു. ശൂർപ്പണഖ എന്ന ഈ കഥയിൽ പുരുഷന് സ്വന്തമായ അഹന്തയുടെ ഇടങ്ങളിൽ സ്വന്തം ആത്മാഭിമാനത്തിന് മുറിവേറ്റിട്ടും വെല്ലുവിളിയിലൂടെ പിടിച്ചു നിന്ന രാമായണത്തിലെ കഥാപാത്രനാമമാണ് എഴുത്തുകാരി സ്വീകരിച്ചിരിക്കുന്നത്. ശൂർപ്പണഖ രാക്ഷസിയായിട്ടുപോലും സഹതാപമർഹിക്കുന്ന കഥാപാത്രമാണ്. മകളുടെ ചോദ്യത്തിൽനിന്നും തന്റെ രോഗാവസ്ഥയിൽക്കൂടി ഒരു സംതൃപ്തി കണ്ടെത്തുന്നു. ഒരമ്മയാകുക എന്നത് ഭാര്യയാകുന്നതിൽനിന്നും തീർത്തും വ്യത്യസ്തമാണെന്ന് കഥാപാത്രം വ്യക്തമാക്കുന്നു. സ്ത്രീയെന്നത് വെറുമൊരു പീഡനവസ്തുവല്ലെന്ന തിരിച്ചറിവ് ഈ കഥാപാത്ര ചിത്രീകരണത്തിലൂടെ വ്യക്തമാക്കുന്നുണ്ട്.

**ഉപസംഹാരം**

മലയാളകഥാസാഹിത്യത്തിന്റെ ശ്രദ്ധേയമായ മീരയുടെ കഥകളെല്ലാം തന്നെ സമ

 ISSN: 2582 - 2594

കാലീനരായ എഴുത്തുകാർ ആവിഷ്കരിക്കാൻ ധൈര്യം കാണിക്കാത്ത പ്രമേയ- കഥാപാത്ര പരിസരങ്ങളെ അനാവരണം ചെയ്യുന്നതാണ്. കഥയും കഥാപാത്രങ്ങളും മാറുന്നതിനനുസ രിച്ച് വ്യത്യസ്ത വിവക്ഷകളാണ് കാമത്തിന് നൽകുന്നത്. രോഗം, പ്രണയം, ലൈംഗികത എന്നിവയെല്ലാം മുഖ്യപ്രമേയമായി ആവിഷ്കരിക്കുന്നു. സ്ത്രീയുടെ സ്വതന്ത്രമായ ശബ്ദത്തെ അമർച്ചചെയ്യുന്നത് പുരുഷന്മാർ ലൈംഗികതയിലൂടെയാണ് എന്ന് കണ്ടെത്താനാവും മീരയുടെ കൃതികളിലെല്ലാം. സ്വന്തം ആത്മാവിന്റെ സ്വരം കേൾപ്പിക്കുന്നതിന് അവർക്ക് ആദ്യം നീക്കം ചെയ്യേണ്ടത് ലൈംഗികമായ വിലക്കുകളെയും വിധേയത്വങ്ങളെയുമാണ്. പുരുഷകേന്ദ്രീകൃതമായ ലൈംഗികതയിൽ മീരയും പൊളിച്ചെഴുത്ത് നടത്തുന്നുണ്ട്. കാലിക പ്രസക്തിയുള്ള ഇത്തരം കഥകൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്. സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളെ കഥാകാരി കഥകളിലൂടെ ചിത്രീകരിക്കുന്നു. ആഖ്യാനരീതിയിലെ വൈവിധ്യവും നർമ്മബോ ധവും രാഷ്ട്രീയബോധവും കൊണ്ട് തഴക്കംവെന്ന ഒരെഴുത്തുകാരിയുടെ ദാർഢ്യം കുറച്ചെങ്കിലും പ്രകടമാകുന്നത് മീരയുടെ കഥകളിലാണ്. വർത്തമാന സംഭവങ്ങൾക്ക് പ്രാധാന്യം നൽകുന്ന കഥകളായതുകൊണ്ട് അവ സമൂഹത്തിന്റെ പൊതു മണ്ഡലങ്ങളിലേക്കാണ് നമ്മുടെ ദൃഷ്ടിയെ നയിക്കുന്നത്. മീരയുടെ കഥകളിൽ ആൺപ്രേതം എന്ന കഥ ആൺകോയ്മയെയും പൗരുഷ ത്തിന്റെ ക്രൂരതയെയും തുറന്നു കാട്ടുകയും, ഇനിയും അവകാശപ്പെട്ട സ്ത്രൈണതയുടെ സ്വാത ന്ത്ര്യം തേടുകയുമാണ് ചെയ്യുന്നത്. കുടുംബം, സമൂഹം തുടങ്ങിയവ മാത്രമല്ല, രാഷ്ട്രീയവും സ്ത്രീക്ക് പല നിയന്ത്രണങ്ങളും അതിരുകളും ഒരുക്കുന്നുണ്ടെന്ന് ഈ കഥകളെല്ലാം തെളിയിക്കുന്നു. സ്ത്രീകൾ എന്തിനുവേണ്ടിയാണ് ദുർബലയാകുന്നത്. അവളുടെ നന്മകളെയും വാത്സല്യങ്ങളെയും ദൗർബല്യമായി കണ്ട് ശീലിച്ച പോയവരാണ് പുരുഷസമൂഹം. വിദ്യാഭ്യാസവും സാമ്പത്തിക സ്വാതന്ത്ര്യവും സ്ത്രീക്ക് കൂടുതൽ കരുത്ത് നൽകിയിട്ടുണ്ട്. ആസക്തികളുടെ ഈ ലോകത്ത് സ്ത്രീ സ്വയം സുരക്ഷിതയാവുക, കരുത്തുള്ളവളാവുക, നിതാന്ത ജാഗ്രതയോടെ പ്രതിരോധത്തി ന്റെ ഇടങ്ങൾ ഒരുക്കുക എന്നിങ്ങനെയുള്ള ആഹ്വാനമാണ് കെ.ആർ. മീര ഈ കഥകളിലൂടെ വിനിമയം ചെയ്യാൻ ശ്രമിക്കുന്നത്.

### സഹായകഗ്രന്ഥങ്ങൾ


1. അശോകൻ സി, (എഡി.), 2015, ആരാച്ചാർ പഠനങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്ത പുരം.
2. അനിൽകുമാർ കെ.എസ്. രശ്മി ജി (എഡി.), 2018, കെ.ആർ, മീരയുടെ കഥയുടെ കാലാന്തരങ്ങൾ, ചിത്രരശ്മി ബുക്ക്, കോട്ടക്കൽ.
3. മീര കെ.ആർ. (എഡി.), 2012, ആരാച്ചാർ, ഡി.സി. ബുക്സ്, കോട്ടയം.
4. ഡോ. ജെ. കുമാർ, ഡോ. കെ. ഷിജു (എഡി.), 2018, ആധുനികാനന്തരമലയാളനോവൽ, മാളുബെൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
5. Imelda whele han (Ed.) 1995, (Modern Feminist thought), Raw at Publications, Jaipur.

## PANEL OF EXTERNAL PEER REVIEWERS

**Dr. Sudheerkumar P.**
Assistant Professor
Dept. of History
SNGS College
Pattambi

**Dr. Nimmy A. P.**
Assistant Professor
Dept. of Malayalam
Govt. Arts and Science College
Calicut

**Dr. Krishna Aravind**
Assistant Professor
Dept. of Malayalam
PM Govt. College
Chalakudy

**Dr. Ganga Devi M.**
Assistant Professor
Department of Malayalam
Govt. College for Women
Thiruvananthapuram

**Dhanya P. D**
Assistant Professor
Dept. of Malayalam
K. K. T. M. Govt. College
Pullut


ISSN: 2582 - 2594

Vol. 5 No. 2 July 2022 ISSN 2582-2594 RNI No. KERMUL/2018/77513

www.akgct.org

Printed by **K. K. DAMODARAN** and published by **K. K. DAMODARAN**
and owned by **Association of Kerala Government College Teachers**
and printed at **Akshara Offset,** Vanchiyoor, Thiruvananthapuram 35 and published
at AKGCT Bhavan, Panavila Jn., Thiruvananthapuram - 695014, Kerala.
Ph: 04171 - 2329900, E-mail: akgctresearchjournal@gmail.com
Web: www. akgct.org